കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

ചേലക്കര ഗ്രാമപഞ്ചായത്ത്

2017-18

ഓഡിറ്റ് റിപ്പോർട്ട്

തൃശ്ശൂർ ജില്ലാ ഓഡിറ്റ് കാര്യാലയം

e-mail:dotsr.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.ടി.എസ്.ആർ(പി.4)800/19

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം,
തൃശ്ശൂർ-680 020
ഫോൺ: 0487-2331249
Email: dotsr.ksad@kerala.gov.in
തിയതി: 04/06/19

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന),
ചേലക്കര ഗ്രാമ പഞ്ചായത്ത്.

സർ,

വിഷയം : ചേലക്കര ഗ്രാമപഞ്ചായത്ത് - 2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചേലക്കര ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെ 2(5) ഖണ്ഡികയിലേയ്ക്കും ഭാഗം 3ലെ 3-5, 3-18, 3-19 ഖണ്ഡികകളിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട്

പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ

3)കാര്യാലയ പകർപ്പ്

നം കെ.എസ്.എ.ടി.എസ്.ആർ.(പി.4) 800/19 തിയ്യതി:04/06/2019

തൃശ്ശൂർ ജില്ലയിലെ ചേലക്കര ഗ്രാമപഞ്ചായത്തിന്റെ

2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ ചേലക്കര ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01.04.2017മുതൽ 31.03.2018 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 1.04.2017 മുതൽ 31.03.18 വരെയുള്ള കാലയളവിലെ വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 28 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 9 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ	ശ്രീ.സൈമൺ.കെ ഡെപ്യൂട്ടി ഡയറക്ടർ
ഓഡിറ്റിന് വിനിയോഗിച്ച സമയം	25.04.19 മുതൽ 04.05.19 വരെ
ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ	ശ്രീമതി.ലത.എം.എൻ ഓഡിറ്റ് ഓഫീസർ.(ഹ.ഗ്രേ)
	ശ്രീമതി. സുധ.ഇ.എൻ അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ.
	ശ്രീമതി.രേഖ.സി സീനിയർ ഗ്രേഡ് ഓഡിറ്റർ
	ശ്രീ.ഇദ്രീസ് അബ്ദുള്ള, ഓഡിറ്റർ

ബി)നിർവ്വഹണാധികാരികൾ

പ്രസിഡന്റ്	ശ്രീ.ആർ.ഉണ്ണികൃഷ്ണൻ	01.04.2017 മുതൽ 31.03.2018 വരെ
സെക്രട്ടറി	ശ്രീമതി.ഷൈബ ഗോപാൽ	01.04.2017 മുതൽ 17.06.2017 വരെ
	ശ്രീമതി. റെനി പോൾ (ഇൻ-ചാർജ്ജ്)	18.06.2017 മുതൽ 31.03.18 വരെ

നിർവ്വഹണ ഉദ്യോഗസ്ഥർ:-

ഉദ്യോഗപ്പേര്	പേര്	കാലയളവ്
അസിസ്റ്റന്റ് സെക്രട്ടറി	ശ്രീ.ആൽഫ്രഡ് സോജൻ	01.4.2017 മുതൽ 31.03.2018 വരെ
കൃഷി ഓഫീസർ	ശ്രീമതി.ആഷമോൾ.പി.പി	01.4.2017 മുതൽ 27.10.2017 വരെ
	വിഷ്ണു.എസ്	28.10.2017 മുതൽ 31.03.2018 വരെ
വെറ്ററിനറി സർജൻ	ശ്രീ.കെ.ജിഅശോകൻ	01.04.2017 മുതൽ 31.03.2018 വരെ
മെഡിക്കൽഓഫീസർ,പി.എച്ച്.സി	ഡോ.അപർണ്ണ.എസ്	01.04.2017 മുതൽ 31.03.2018 വരെ
മെഡിക്കൽഓഫീസർ,ആയുർവേദം	ഡോ.ഷഹന.എ.കെ	01.04.2017 മുതൽ 31.03.2018 വരെ
ഡയറി ഫാം ഇൻസ്ട്രക്ടർ	ശ്രീ.സുരേഷ്	01.04.2017 മുതൽ 30.06.2017 വരെ
	ശ്രീമതി.ആർ.ഗിരിജ (DEO	01.07.17

	പഴയന്നൂർ, അഡീഷണൽ ചാർജ്ജ്)	മുതൽ 22.11.17 വരെ
	ശ്രീ.മഹേഷ്	23.11.2017 മുതൽ 31.03.2018 വരെ
വി.ഇ.ഒ	ശ്രീ.പ്രവീൺ	01.04.2017 മുതൽ 09.04.2017 വരെ
	ശ്രീ.സുരാസു മുഹമ്മദ്	10.04.2017 മുതൽ 31.03.2018 വരെ
ഐ.സി.ഡി.എസ്. സൂപ്പർവൈസർ	ശ്രീമതി.റോസ് മോൾ	01.04.2017 മുതൽ 20.12.2017 FN വരെ
	ശ്രീമതി.ബിനി.പി.വർഗീസ്	20.12.2017 AN മുതൽ 31.03.18 വരെ
ഹെഡ്മിസ്ട്രസ്, ജി.എൽ.പി.എസ്, ചേലക്കര	ശ്രീമതി.രാജിമോൾ	01.04.2017 മുതൽ 31.03.2018 വരെ
അസിസ്റ്റന്റ് എഞ്ചിനീയർ	ശ്രീ.മധുസൂദനൻ.കെ.വി	01.04.2017 മുതൽ 16.11.2017 വരെ
	ശ്രീമതി.ബിന്ദു. (Addl. charge, Kondazhi AE)	17.11.17 AN മുതൽ 11.02.18 വരെ
	ശ്രീമതി.ഗ്രീഷ്മ	12.02.2018 മുതൽ 31.03.18 വരെ

ഉള്ളടക്കം

ക്രമ നം.	ഭാഗം 1	ഖണ്ഡിക നമ്പർ
1	ബജറ്റ്	1-1
2	വാർഷിക ധനകാര്യപത്രിക.	1-2
3	വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം	1-3

4	സാമ്പത്തിക വിശകലനം	1-4
5	ഫണ്ട് വിനിയോഗം	1-5
6	പദ്ധതി അവലോകനം	1-6
7	തൊഴിലുറപ്പ് പദ്ധതി	1-7
8	ക്ഷേമപദ്ധതികൾ	1-8
9	ക്യാഷ് വെരിഫിക്കേഷൻ	1-9
10	ആഭ്യന്തരനിയന്ത്രണം.	1-10
11	മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം	1-11
12	വാർഷിക കണക്കുകളിലെ അപാകതകൾ	1-12
ഭാഗം 2		
13	തൊഴിൽ നികുതി – അപാകതകൾ	2-1
14	പഞ്ചായത്ത് കെട്ടിടങ്ങളുടെ വാടക സംബന്ധിച്ച അപാകതകൾ	2-2
15	സ്വകാര്യ ആശുപത്രികൾ / പാരാമെഡിക്കൽ സ്ഥാപനങ്ങൾ - രജിസ്ട്രേഷൻ കൂടാതെ പ്രവർത്തിച്ച സ്ഥാപനങ്ങൾക്കെതിരെ നടപടി സ്വീകരിക്കേണ്ടതാണ്.	2-3
16	ഡി&ഒ ലൈസൻസ് -ട്രേഡേഴ്സ് ലിസ്റ്റ് നിലവിലില്ല.	2-4
17	റഗുലറൈസേഷൻ ഫീസ് ഈടാക്കിയിട്ടില്ല	2-5
18	നിർമ്മാണപ്രവൃത്തിയുടെ ഭാഗമായി പൊളിച്ചെടുത്ത ഇരുമ്പ് സാധനങ്ങൾ ലേലം ചെയ്തിട്ടില്ല	2-6
19	കന്നുകുട്ടി പരിപാലനം-വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല	3-1
20	പൊതുടാപ്പുകൾ-സംയുക്ത പരിശോധന നടത്തി കൃത്യമായ കണക്കുകൾ സൂക്ഷിച്ചിട്ടില്ല	3-2
21	പി.എച്ച്.സി.യിലേക്ക് മരുന്ന് വാങ്ങൽ പദ്ധതി -നാളിതുവരെയായിട്ടും മരുന്ന് വിതരണം പൂർത്തിയായിട്ടില്ല	3-3
22	വിനിയോഗ സാക്ഷ്യപത്രം /രശീതി ഹാജരാക്കിയില്ല-ചെലവ് തുക തടസ്സപ്പെടുത്തുന്നു	3-4

23	കൃഷി ഓഫീസർ നടപ്പിലാക്കിയ പദ്ധതി -ചെലവ് രേഖകൾ ഹാജരാക്കിയില്ല -3,30,000/-രൂപ തടസ്സപ്പെടുത്തുന്നു	3-5
24	മീറ്ററിംഗ് സംവിധാനമുള്ള ഓട്ടോമാറ്റിക് തെരുവ് വിളക്കുകൾ സ്ഥാപിക്കൽ -വിശദാംശങ്ങൾ ലഭ്യമായില്ല	3-6
25	പതിനാലാം ധനകാര്യകമ്മീഷൻ അവാർഡ്, തുകയുടെ വിനിയോഗം - സർക്കാർ നിർദ്ദേശത്തിനു വിരുദ്ധം	3-7
26	പൈപ്പ് ലൈൻ എക്സ്റ്റൻഷന് വാട്ടർ അതോറിറ്റിയിൽ ഡെപ്പോസിറ്റ് ചെയ്ത തുകയുടെ പൂർത്തീകരണ സർട്ടിഫിക്കറ്റ്, വിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കിയിട്ടില്ല	3-8
27	ചേലക്കര ഗ്രാമപഞ്ചായത്തോഫീസ് റെക്കോർഡ് റൂം-ലക്ഷ്യപ്രാപ്തി കൈവരിച്ചില്ല	3-9
28	ചേലക്കര ടൗൺ ഡ്രെയിനേജ്, നീക്കംചെയ്ത മണ്ണും മറ്റും കാണാൻ കഴിഞ്ഞില്ല	3-10
29	പൊതുമരാമത്ത് പ്രവൃത്തികളിലെ നിർവ്വഹണത്തിലെ പോരായ്മകൾ	3-11
30	കുടിവെള്ള പദ്ധതികൾ	3-12
31	അസിസ്റ്റന്റ് സെക്രട്ടറി നടപ്പാക്കിയ പദ്ധതികളിലെ അപാകതകൾ	3-13
32	ഭവന പുനരുദ്ധാരണം(എസ്.സി)- കൈവശ രേഖകളില്ലാത്ത വ്യക്തിക്ക് തുക നൽകി.	3-14
33	സാനിറ്ററി യൂണിറ്റ് നിർമ്മാണം- നിർമ്മാണം പൂർത്തിയാക്കാത്തവർ- തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.	3-15
34	ലൈഫ് മിഷൻ-പൂർത്തീകരിയ്ക്കാത്ത വീടുകളുടെ പൂർത്തീകരണം	3-16

35	ജവഹർ ഭവന പദ്ധതി- കൂട്ടിച്ചേർക്കലിനു തുക അനുവദിച്ചു	3-17
36	പ്രധാനാദ്ധ്യാപിക നടപ്പിലാക്കിയ പദ്ധതികളിലെ അപാകതകൾ	3-18
37	ഐ.സി.ഡി.എസ്. സൂപ്പർവൈസർ നടപ്പിലാക്കിയ പദ്ധതികളിലെ അപാകതകൾ	3-19
ഭാഗം-4		
38	സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം	4-1
39	ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ	4-2
40	മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്	4-3
41	വായ്പ/ വായ്പ തിരിച്ചടവ്	4-4
42	സ്ഥിരനിക്ഷേപങ്ങൾ	4-5
43	ഓഡിറ്റ് റിക്കവറി	4-6
44	സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുന്ന ഖണ്ഡികകളുടെ വിവരം	4-7
45	ചാർജ്ജ്/സർച്ചാർജ്ജ് നടപടികളുടെ വിവരം	4-8
46	ഓഡിറ്റ് പ്രത്യവലോകനം	4-9
47	തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ	4-10
48	ഓഡിറ്റ് സർട്ടിഫിക്കറ്റ്	അനുബന്ധം-1
49	ഓഡിറ്റ് സംക്ഷിപ്തം	അനുബന്ധം-2

ഭാഗം 1

പൊതു അവലോകനം

1-1 ബജറ്റ്

28-03-2017 തീയതിയിലെ 448ാംനമ്പർ തീരുമാനപ്രകാരം 2017-18 ലെ ബജറ്റ് അംഗീകരിച്ചു. ആയത് 28.02.2018 ലെ 6(1) തീരുമാന പ്രകാരം റിവൈസ് ചെയ്തിട്ടുണ്ട്.റിവൈസ്ഡ് ബജറ്റ് പ്രകാരം പ്രതീക്ഷിത വരവ് 357279018 രൂപയും പ്രതീക്ഷിത ചെലവ് 354239538 രൂപയുമാണ്.

1-2 വാർഷിക ധനകാര്യ പത്രിക

ലഭിക്കേണ്ട തീയതി	ലഭിച്ച തീയതി	അപാകത പരിഹരിക്കാൻ	അപാകത പരിഹരിച്ച്

		തിരിച്ചയച്ച തീയതി	ലഭിച്ച തീയതി
31.07.2018	12.06.2018	-	-

1-3 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

വർഷം	സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി	സർട്ടിഫിക്കറ്റ് നമ്പർ/തീയതി
2017-18	21-06-2018 മുതൽ 22-06-2018 വരെ	കെ.എസ്.എ ടി.എസ്.ആർ(ഇ3)1150/18(14) തീയതി 12-07-2018

1-4 സാമ്പത്തിക വിശകലനം (രസീറ്റ് & പേമെന്റ് പ്രകാരം)

മുന്നിരിപ്പ്	15875312
വരവ്	100393962
ആകെ	116269274
ചെലവ്	105266391
നീക്കിയിരിപ്പ്	11002883

1-5 ഫണ്ട് വിനിയോഗം

ഫണ്ടിനം	ഒ.ബി	വരവ്	ആകെ	ചെലവ്	സി.ബി/ ലാപ്സായ തുക
വികസന ഫണ്ട്-ജനറൽ (ACR പ്രകാരം)	0	25740000	25740000	18933932	6806068
വികസന ഫണ്ട്-എസ്.സി.പി(ACR പ്രകാരം)	0	12199546	12199546	9733428	2466118
വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം)	0	246899	246899	203735	43164
മെയിന്റനൻസ്, റോഡ് (ACR പ്രകാരം)	0	14647000	14647000	12884657	1762343
മെയിന്റനൻസ്, നോൺ-റോഡ്	0	5605000	5605000	3410090	2194910

(ACR പ്രകാരം)						
സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്(ACR പ്രകാരം)		0	12088720	12088720	10120418	1968302
കെ.എൽ.എസ്.ജി.ഡി.പി (ACR പ്രകാരം) –		0	5129876	5129876	4157073	972803
എം.ജി.എൻ. ആർ.ഇ.ജി.എസ്	തൊഴിലാളികളുടെ കൂലി (Revenue and capital expenditure)	0	21439987	21439987	21439987	0
	അഡ്മിനിസ്ട്രേറ്റീവ് ചെലവ്	2330	938950	941280	923802	17478
കേന്ദ്രാവിഷ്കൃതഫണ്ടുകൾ- *(ഐ.സി.ഡി.എസ്)		1347452	1319614	2667066	942549	1724517
Animal Husbandry		800000	0	800000	0	800000
TSC		198000	25000	223000	14520	208480
ബേട്ടി ബചാവോ ബേട്ടി പഠാവോ		10000	-	10000	-	10000
ആയുർവേദം		252315	217500	469815	163103	306712
സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ (ഇനം തിരിച്ച്) : എം. എൽ.എ ഫണ്ട്		19617	633715	653332	633715	19617
ടോട്ടൽ സാനിറ്റേഷൻ		0	151602	151602	111416	40186
ചിയാക് സ്മാർട്ട് കാർഡ് പുതുക്കൽ		23528	5942	29200	-	29200
ഗ്രാന്റ്സ് ഫണ്ട്സ് കോൺട്രിബ്യൂഷൻ ഫോർ സ്പെസിഫിക്ക് പർപ്പസ് അദർ ദാൻ ഡവലപ്മെന്റ് ഫണ്ട് ആന്റ് സ്റ്റേറ്റ് സ്പോൺസേർഡ്		79796	708734	788530	708734	79796
കേരളോൽസവം		0	15000	15000	15000	0
വിമുക്തി		25000	12500	37500	7500	30000
ജോയിന്റ് വെഞ്ചർ അക്കൗണ്ട്	ബ്ലോക്ക് പഞ്ചായത്ത്	0	3542963	3542963	3002963	540000
	ജില്ലാ പഞ്ചായത്ത്	335980	703000	1038980	703000	335980
ബി ഫണ്ട് : തൊഴിൽ രഹിത വേതനം		0	127560	127560	127560	0
പാഡി പ്രൊഡക്ഷൻ ബോണസ്		0	487800	487800	487800	0
വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായം		0	1020000	1020000	1020000	0

തനത് ഫണ്ട്	കോ ഓപ്പറേറ്റീവ് ബാങ്ക്	8131319	11009002	19140321	9769564	(-)9370757
	ട്രഷറി STSB	7375631	13996000	21371631	21960191	588560
മറ്റിനം	TDCB FD	0	0	0	0	0
	e – payment	0	56897	56897	59	56838

* ACR പ്രകാരമുള്ള Proj. 69 – പകൽ വീടിന്റെ 119927/- രൂപ Q bill ആയതിനാൽ വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല. 259543/- രൂപ 1617 തെറ്റായ ഹെഡിൽ പോസ്റ്റ് ചെയ്യുകയും journal entry വഴി 17-18-ൽ ശരിയായ ഹെഡിലേയ്ക്ക് കൊണ്ടുവരികയും ചെയ്തു. (1087909+259543=1347452)

1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

അംഗീകാരം ലഭിച്ചത് (എണ്ണം)	പദ്ധതി അടങ്കൽ	നടപ്പാക്കിയത് (എണ്ണം)	പദ്ധതി ചെലവ്	ഭാഗികമായി നടപ്പാക്കിയത് (എണ്ണം)	നടപ്പാക്കാത്തവ (എണ്ണം)	പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം
387	131344308	227	71044889	133	27	58.65%

1-7 തൊഴിലുറപ്പു പദ്ധതി

ഇനം	മുന്നിരിപ്പ്	വരവ്	ആകെ	ചെലവ്	നീക്കിയിരുപ്പ്
ഭരണചെലവുകൾ	2330	938950	941280	923802	17478
ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത്	0	21439987	21439987	21439987	0

വിവര ശേഖരണത്തിന്റെ ഭാഗമായി ലഭ്യമാക്കിയ വരവുചെലവു തുകകളാണ് ചേർത്തിട്ടുള്ളത്. ആയത് വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല. വ്യത്യാസത്തിന് കാരണം വ്യക്തമാക്കേണ്ടതാണ്.

1-8 ക്ഷേമ പദ്ധതികൾ

ക്ഷേമപദ്ധതിയുടെ പേര്	ചെലവഴിച്ച തുക	ഗുണഭോക്താക്കളുടെ എണ്ണം

തൊഴിൽരഹിത വേതനം	127560	153
കർഷകതൊഴിലാളി പെൻഷൻ	11800600	4123
വിധവാപെൻഷൻ	24009700	8006
വാർദ്ധക്യകാലപെൻഷൻ	30560220	8831
വികലാംഗ പെൻഷൻ	5330700	1720
50 വയസ്സിനുമേലുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ	3020300	985
വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം	1020000	34

1-9 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 06-04-2019 തീയതിയിൽ 3.30 പി.എം ന് സ്ഥാപന തലവന്റെ/ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. 27384/- രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

1-10 ആഭ്യന്തര നിയന്ത്രണം

ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

എല്ലാജീവനക്കാരുടേയും സേവന വിവരങ്ങൾ ഉൾപ്പെടുത്തി ഇൻക്യുമ്പൻസി രജിസ്റ്റർ തയ്യാരാക്കി സൂക്ഷിക്കേണ്ടതാണ്.

കുടിവെള്ളപദ്ധതികളുടെ വിവരം കാണിക്കുന്ന രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്.

വർക്കിങ്ങ് ഗ്രൂപ്പ് യോഗങ്ങളും സ്റ്റാന്റിങ്ങ് കമ്മറ്റി യോഗങ്ങളും നിയമപ്രകാരം ചേരുന്നുണ്ടെങ്കിലും പഞ്ചായത്തിന്റെ നിലവിലെ സാഹചര്യങ്ങൾക്കനുസരിച്ചുള്ള പദ്ധതി നിർദ്ദേശങ്ങളുംതീരുമാനങ്ങളും വളരെ വിരളമായേ ഉണ്ടാകുന്നുള്ളൂ.

ആഭ്യന്തര നിയന്ത്രണ സംവിധാനത്തിലെ പോരായ്മകൾ പരിഹരിക്കേണ്ടതാണ്.

1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

ഓഡിറ്റ്	അവസാനം	ഓഡിറ്റ്	റിപ്പോർട്ട്

	ഓഡിറ്റ് നടത്തിയ തീയതി	കാലയളവ്	ലഭിച്ച തീയതി
പെർഫോമൻസ് ഓഡിറ്റ്	20.02.19	1/2019	09.04.2019
അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ്	03.11.2017 മുതൽ 15.11.2017 വരെ	2012-13 മുതൽ 2016-17വരെ	14.12.2017

1-12 വാർഷിക കണക്കുകളിലെ അപാകതകൾ

1. വാർഷികകണക്കുകളോടൊപ്പം ഹാജരാക്കേണ്ട അടിസ്ഥാന അനുപാതങ്ങൾ സംബന്ധിച്ച പത്രിക ഹാജരാക്കിയിട്ടില്ല.

2. തൃശ്ശൂർ ജില്ലാസഹകരണബാങ്കിലെ തനതുഫണ്ട് അക്കൗണ്ടിന്റെ റീകൺസിലിയേഷൻ പത്രികയിൽ cheque deposited but not collected എന്ന ഇനത്തിൽ 5000/- രൂപയുടെ ചെക്ക് നം.417570/17.4.13 രേഖപ്പെടുത്തിയിട്ടുണ്ട്. മേൽ തുക ഗ്രാമപഞ്ചായത്തിന് ലഭിക്കാനുള്ള തുടർനടപടികൾ സ്വീകരിച്ചിട്ടില്ല.

3.നിർവ്വഹണ ഉദ്യോഗസ്ഥന്റെ ക്യാഷ് ബുക്ക് പ്രകാരം പ്രൊജക്ട് നം.69/18 എന്ന പ്രവൃത്തിക്ക് പാർട്ട് ബിൽ ആയി 778048/-രൂപ നൽകിയിട്ടുണ്ട്.ആയത് ബി- 11(a) ഷെഡ്യൂളിൽ capital work in progress ആയി ചേർത്തിട്ടില്ല.

4.തെരുവുവിളക്ക് രജിസ്റ്റർ പ്രകാരം സ്റ്റോക്കിൽ നീക്കിയിരിപ്പുണ്ടെങ്കിലും ആയതിന്റെ റിപ്പോർട്ട് തയ്യാറാക്കി വാർഷികകണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

5.ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.വാർഷികകണക്കിലെ ആസ്തികളുടെ മൂല്യം പരിശോധിക്കത്തക്ക വിധമല്ല ആസ്തിരജിസ്റ്ററിന്റെ നിലവിലെ ഘടന.

6.ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം Net decrease in cash/cash equivalents (4872429) രൂപയും, Net cash generated 2378304/-രൂപയുമാണ്. ഇവ തമ്മിൽ പൊരുത്തപ്പെടുന്നില്ല.

7.വസ്തു നികുതി -സഞ്ചയ -സാംഖ്യ (വാർഷിക കണക്ക്) കണക്കുകൾ പൊരുത്തപ്പെടുന്നില്ല. സഞ്ചയയിൽ തയ്യാറാക്കിയ ഡി.സി.ബി പത്രികയുടെ ഗണിത ക്രിയ കൃത്യമല്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

-	ഡിമാന്റ്	കളക്ഷൻ	ബുക്ക് അഡ്ജസ്റ്റ്മെന്റ്	ബാലൻസ് ലൈബ്രറി സെസ്സ് അടക്കം	2018-19 ലേക്കുള്ള അഡ്വാൻസ്
1.നോൺ റസിഡൻഷ്യൽ					

(കറന്റ്)					
സാംഖ്യ	3600650	2929281	----	596144	21216
സഞ്ചയ	3600650	2929281	110904	596144	21216
കുറിപ്പുകൾ- .2016-17 സാമ്പത്തികവർഷം വസ്തുനികുതിയിനത്തിൽ നോൺ റസിഡൻഷ്യൽ ഇനത്തിൽ അഡ്വാൻസ് കളക്ഷൻ ഇല്ല.എന്നാൽ 110904/- രൂപ ബുക്ക് അഡ്ജസ്റ്റ്മെന്റ് ആയി കാണിച്ചിട്ടുണ്ട്.					
2.നോൺ റസിഡൻഷ്യൽ (അരിയർ)					
സാംഖ്യ	0	2958200	---	965300	----
സഞ്ചയ	3859031	2958200	---	965300	----
കുറിപ്പുകൾ-2016-17 സാമ്പത്തികവർഷം വസ്തുനികുതിയിനത്തിൽ നോൺ റസിഡൻഷ്യൽ ഇനത്തിൽ ഈടാക്കാൻ കുടിശ്ശിക ഇല്ല. എന്നാൽ സഞ്ചയ പ്രകാരം കുടിശ്ശിക ഡിമാന്റ് ഉണ്ട്					
3.റസിഡൻഷ്യൽ (കറന്റ്)					
സാംഖ്യ	3716953	2530081	---	1150624	78744
സഞ്ചയ	3716953	2524539	128930	1150624	78744
കുറിപ്പുകൾ- 2016-17 സാമ്പത്തികവർഷം വസ്തുനികുതിയിനത്തിൽ റസിഡൻഷ്യൽ ഇനത്തിൽ അഡ്വാൻസ് കളക്ഷൻ ആകെ 5476/- രൂപ മാത്രമാണ്.എന്നാൽ 128930/- രൂപ ബുക്ക് അഡ്ജസ്റ്റ്മെന്റ് ആയി കാണിച്ചിട്ടുണ്ട്.കൂടാതെ സാംഖ്യ,സഞ്ചയ കളക്ഷനിൽ 5542/- രൂപ (2524539-2530081)വ്യത്യാസം കാണുന്നു.ഡിമാന്റിൽ നിന്നും കളക്ഷനും ബുക്ക് അഡ്ജസ്റ്റ്മെന്റും കുറവു ചെയ്താലും സഞ്ചയയിൽ രേഖപ്പെടുത്തിയ ബാലൻസ് തുക ലഭിക്കുന്നില്ല.					
റസിഡൻഷ്യൽ (അരിയർ)					
സാംഖ്യ	4995318	2338612	----	2169879	----
സഞ്ചയ	4350558	2338612	---	2169879	---

സഞ്ചയയിൽ കുടിശ്ശിക ഡിമാന്റ് കുറവ് വരുത്തിയിരിക്കുന്നു.

8.2017-18 വാർഷികകണക്കിന്റെ I-18 (prior period items) ഷെഡ്യൂളിൽ ഉൾപ്പെടുന്ന താഴെ പറയുന്ന ഇനങ്ങളിൽ ജേണൽ വൗച്ചർ പ്രകാരം എഴുതിതള്ളിയ തുകകൾക്കും, വരുമാനമായി ക്രമീകരിച്ച തുകകൾക്കും തിരുത്തൽ എൻട്രികൾക്കും ക്ഷമതയുള്ള ഉദ്യോഗസ്ഥൻ അംഗീകരിച്ച വൗച്ചറുകളോ,രേഖപ്പെടുത്തലുകൾക്ക് പിൻബലമേകുന്ന വർക്ക്ഷീറ്റുകളോ ഓഡിറ്റിന് ലഭ്യമാക്കിയില്ല.വിശദാംശം ചുവടെ ചേർക്കുന്നു.

ശീർഷകം	ഇനം	തുക
280100101	Prior period income-property tax on residential building	712004
280100102	Prior period income-	(44751)

	prof.tax -institutions /professionals/traders	
280100104	Prior period income- property tax on non - residential building	(3941876)
280200201	Prior period income- licence fees	(700)
280800201	Prior period - Administrative expenses	(6600)
280800501	Prior period i- programme expenses	15000
280800801	Prior period -Revenue grants & Contributions	(15075)

ഭാഗം-2

വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

2-1 തൊഴിൽ നികുതി -അപാകതകൾ

1) 2017-18 സാമ്പത്തിക വർഷത്തെ തൊഴിൽ നികുതി രജിസ്റ്ററുകളും റിട്ടേണുകളും പരിശോധിച്ചതിൽ 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 204 പ്രകാരമുള്ള സ്ഥാപന തൊഴിൽ നികുതി പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്നും ഈടാക്കിയിട്ടില്ല.

സ്ഥാപനം	അർദ്ധ വർഷം
മുത്തൂറ്റ് ഫിനാൻസ് ,ചേലക്കര	2
തലപ്പിള്ളി താലൂക്ക് കോ-ഓപ്പറേറ്റീവ് ബാങ്ക്	1&2
കെ.എസ്.ഇ.ബി ചേലക്കര	1
കോ-ഓപ്പറേറ്റീവ് ബാങ്ക് പുലാക്കോട്	1
മിനി മുത്തൂറ്റ് ചേലക്കര	2
മംഗളം എന്റെർപ്രൈസസ് ,ചേലക്കര	2
തിരുപ്പൂര ചിറ്റ്സ് പ്രൈവറ്റ് ലിമിറ്റഡ്	2

2) ഗ്രാമ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും 2017-18 സാമ്പത്തിക വർഷത്തെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

സ്ഥാപനം	അർദ്ധ വർഷം
മിനി മുത്തൂറ്റ്, ചേലക്കര	2
മംഗളം എന്റെർപ്രൈസസ് ,ചേലക്കര	2
സുശ്രുത ആശുപത്രി, ചേലക്കര	2
അലേർട്ട് അക്കാദമി ,ചേലക്കര	2
തിരുപ്പൂര ചിറ്റ്സ് പ്രൈവറ്റ് ലിമിറ്റഡ്	2
മുത്തൂറ്റ് ഫിനാൻസ് ,ചേലക്കര	2
എം.ജി.എൻ.ആർ.ഇ.ജി.എസ് ചേലക്കര	1&2

3) ഗ്രാമ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന തലപ്പിള്ളി താലൂക്ക് കോ-ഓപ്പറേറ്റീവ് ബാങ്കിലെ ജീവനക്കാരുടെ 2017-18 രണ്ടാം അർദ്ധ വർഷത്തിലെ തൊഴിൽ നികുതിയായി പഞ്ചായത്ത് ഡിമാന്റ് ചെയ്തിട്ടുള്ളത് 5500 രൂപയാണ് . എന്നാൽ 28.02.2018 ലെ 117020108967ാം നംമ്പർ രശീതി പ്രകാരം 5000 രൂപ മാത്രമാണ് അടവാക്കിയിട്ടുള്ളത്.

4) എസ്.എം.ടി ഗവ: എച്ച്.എസ്.എസ്-ചേലക്കരയിലെ ജീവനക്കാരിയായ ശ്രീമതി നയന .പി എന്നവരുടെ 2017-18 രണ്ടാം അർദ്ധ വർഷത്തിലെ വരുമാനം 136777 രൂപയാണ്. എന്നാൽ 1250 രൂപക്ക് പകരം 1000 രൂപ മാത്രമാണ് തൊഴിൽ നികുതി ഇനത്തിൽ അടവാക്കിയിട്ടുള്ളത്.

ഇതു സംബന്ധിച്ച് നൽകിയിട്ടുള്ള ഓഡിറ്റ് എൻക്വയറി(2/29.04.19)ക്ക് മറുപടിയൊന്നും ലഭിച്ചിട്ടില്ല. തൊഴിൽ നികുതി ഈടാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

2-2 പഞ്ചായത്ത് കെട്ടിടങ്ങളുടെ വാടക സംബന്ധിച്ച അപാകതകൾ

1995-ലെ കേരള പഞ്ചായത്ത് രാജ് (ബൈലോകൾ ഉണ്ടാക്കാനുള്ള നടപടിക്രമം) ചട്ടങ്ങൾ പ്രകാരം പഞ്ചായത്തിന് ആവശ്യമെന്ന് തോന്നുന്ന ബൈലോകൾ ഉണ്ടാക്കുന്നതിനും ഭേദഗതി വരുത്തുന്നതിനും നടപടി ക്രമങ്ങൾ പാലിച്ച് ഇപ്രകാരം തയ്യാറാക്കുന്ന ചട്ടങ്ങൾ (ടി ചട്ടം 3(5)

പ്രകാരം)ക്ക് സർക്കാരിന്റെ അനുമതി ലഭ്യമാക്കുന്നതിനും നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ പഞ്ചായത്തിന്റെ ഉടമസ്ഥതയിൽ ഉള്ള വാടകയ്ക്ക് നൽകുന്ന കെട്ടിടങ്ങളുടെ വാടക സംബന്ധിച്ച് നാളിതുവരെ സർക്കാർ അംഗീകാരം ലഭിച്ചിട്ടുള്ള ബൈലോ നിലവിലില്ല. ബൈലോ ഏർപ്പെടുത്തുന്നതിലേക്ക് പഞ്ചായത്ത് കമ്മിറ്റിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.
കൂടാതെ വാടകയിനത്തിൽ മുൻ വർഷങ്ങളിലെ കുടിശ്ശികയായി 92302 രൂപയുണ്ട്. ആയത് ഈടാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

2-3 സ്വകാര്യ ആശുപത്രികൾ / പാരാമെഡിക്കൽ സ്ഥാപനങ്ങൾ - രജിസ്ട്രേഷൻ കൂടാതെ പ്രവർത്തിച്ച സ്ഥാപനങ്ങൾക്കെതിരെ നടപടി സ്വീകരിക്കേണ്ടതാണ്.

കേരള പഞ്ചായത്ത് രാജ് ആക്റ്റ് സ്വകാര്യ ആശുപത്രികൾ / പാരാമെഡിക്കൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ ചട്ടങ്ങളിലെ ചട്ടം 5 പ്രകാരം താഴെ പറയുന്ന സ്ഥാപനങ്ങൾ 2017-18 സാമ്പത്തിക വർഷത്തിൽ രജിഷ്ട്രേഷൻ പുതുക്കാതെയാണ് പ്രവർത്തിച്ചിട്ടുള്ളത്.

1-കുട്ടൻ വൈദ്യർ മെമ്മോറിയൽ ക്ലിനിക്ക് ,നാട്ട്യൻചിറ
2-ഡോക്ടേഴ്സ് ഡയഗ്നോസ്റ്റിക്ക്സ് ,മുഖാരിക്കുന്ന്, ചേലക്കര
രജിസ്ട്രേഷൻ കൂടാതെ പ്രവർത്തിച്ച സ്ഥാപനങ്ങൾക്കെതിരെ നടപടി സ്വീകരിക്കേണ്ടതാണ്.

2-4 ഡി&ഒ ലൈസൻസ് -ട്രേഡേഴ്സ് ലിസ്റ്റ് നിലവിലില്ല.

ട്രേഡേഴ്സ് രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ വിവരങ്ങൾ അടങ്ങിയ ഒരു ട്രേഡേഴ്സ് രജിസ്റ്റർ സെക്ഷൻ സൂക്ഷിക്കാത്തതിനാൽ പഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കിയിട്ടുണ്ടോ എന്നത് ഫലപ്രദമായി പരിശോധിക്കാൻ സാധിച്ചില്ല. അപേക്ഷ സമർപ്പിക്കുന്ന സ്ഥാപനങ്ങൾക്കു മാത്രം ലൈസൻസ് പുതുക്കി നൽകുക എന്ന രീതിയാണ് പഞ്ചായത്ത് അവലംബിച്ചിരിക്കുന്നത്.
സ്വയംഭരണ അധികാരമുള്ള പഞ്ചായത്തിന്റെ ഏതെങ്കിലുമൊരു സ്ഥലം മനുഷ്യന്റെ ജീവനോ സ്വത്തിനോ ആരോഗ്യത്തിനോ അപകടകരമാകാനിടയുള്ള കാര്യങ്ങൾക്ക് ഉപയോഗിക്കുകയാണെങ്കിൽ സെക്രട്ടറി നല്കുന്ന ലൈസൻസ് കൂടാതെ പ്രവർത്തിക്കാൻ പാടില്ലാത്തതാകുന്നു. (കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 232). സാമ്പത്തിക വർഷം ആരംഭിക്കുന്നതിന് 30 ദിവസം മുമ്പ് ലൈസൻസ് പുതുക്കേണ്ടതും പുതുതായി ആരംഭിക്കുന്നവയുടെ കാര്യത്തിൽ തുടങ്ങുന്നതിന് 30 ദിവസം മുമ്പും ലൈസൻസിന് അപേക്ഷിക്കേണ്ടതുമുണ്ട്. പ്രവർത്തിക്കാനാവശ്യമായ ലൈസൻസ് നിശ്ചിത ഫീസീടാക്കിയാണ്

(പട്ടിക II, III & IV) പഞ്ചായത്ത് നൽകേണ്ടത് (ചട്ടം 10).

2017-18 ലൈസൻസ് പുതുക്കുന്നതിനു വേണ്ടി ലഭിച്ച അപേക്ഷകളിൽ ഭൂരിഭാഗവും നിശ്ചിത സമയത്തിനു ശേഷമാണ് പുതുക്കിയിട്ടുള്ളത്. നിശ്ചിത സമയത്ത് ലൈസൻസ് പുതുക്കാത്തവരിൽ നിന്ന് ചട്ടപ്രകാരമുള്ള നടപടികളെടുത്തതായി ബന്ധപ്പെട്ട ഫയലിൽ കാണുന്നില്ല. ഇത് മൂലം സാമ്പത്തിക വർഷം ആരംഭിക്കുന്നതിന്റെ ഒരു മാസം മുന്നേ ലഭിക്കേണ്ട അപേക്ഷകൾ ലഭിക്കാതിരിക്കുകയും ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന സാഹചര്യം ഉണ്ടാവുകയും ചെയ്യുന്നു. ഇതു തിരിച്ചറിയപ്പെടാതെ പോകുന്നതുമൂലം നിയമപ്രകാരമല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്ന സാഹചര്യം ഉണ്ടാവുന്നതിനു കാരണമാകുന്നു.

ഫെബ്രുവരി മാസത്തിലെ അവസാന പ്രവർത്തന ദിവസം, മുൻ വർഷം ലൈസൻസ് എടുത്തവർ എല്ലാം പുതുക്കിയിട്ടുണ്ടെന്ന് ഉറപ്പു വരുത്തേണ്ടതാണ്. പുതുക്കാതെ പ്രവർത്തിക്കുന്നവരുടെ വിവരങ്ങൾ ട്രേഡേഴ്സ് രജിസ്റ്റർ പരിശോധിച്ച് കണ്ടെത്തി നോട്ടീസ് നല്കേണ്ടതാണ്

2-5 റഗുലറൈസേഷൻ ഫീസ് ഈടാക്കിയിട്ടില്ല.

2017-18 സാമ്പത്തിക വർഷത്തെ പെർമിറ്റ് രജിസ്റ്റർ പരിശോധിച്ചതിൽ താഴെ പറയുന്ന അപേക്ഷകളിൻമേൽ റഗുലറൈസേഷൻ ഫീസ് ഈടാക്കി കാണുന്നില്ല.

ഫയൽ നമ്പർ	അപേക്ഷകൻ	വിസ്തൃതി/ ഉപയോഗ ക്രമം	പെർമിറ്റ് ലഭിച്ചത്
A4-2404/ 28.02.17	ടി.ബി.എസക്ക് കുഞ്ഞുകാട്ടിൽ എ.എം കാവ് ചേലക്കര	8.84m^2/ വാണിജ്യം	പെർമിറ്റ് ഇല്ല
A5-862/ 25.01.18	അബ്ബാസ് കൊട്ടയാട്ടിൽ ചേലക്കര	120.3m^2/ പാർപ്പിടം	97.94m^2
A4-759/ 17.01.17	ഫാത്തിമ മുതൽ പേർ കുന്നത്തുപീടികയിൽ	102.38m^2/ പാർപ്പിടം	പെർമിറ്റ് ഇല്ല
A3-11623/ 13.12.17	സുമീഷ് പുലാക്കോട് തെക്കുംമുറി	101.08M^2/ പാർപ്പിടം	92.47m^2
A3-11399/ 8.12.17	സജീഷ് മംഗലത്ത്	138.19m^2/ പാർപ്പിടം	122.03m^2

A6-1007/ 21.1.17	കൃഷ്ണൻക്കുട്ടി പ്ലാക്കൽ പുലാക്കോട്	123.06m^2/ പാർപ്പിടം	പെർമിറ്റ് ഇല്ല
A3-10502/ 16.11.17	രജന മൂത്തേടത്ത്പടി വെങ്ങാനെല്ലൂർ	181.91m^2/ പാർപ്പിടം	148.46m^2
A4-1970/ 17.2.17	ബിജു&ബിന്ദു മേക്കുന്നേൽ പുലാക്കോട്	162.2m^2/ പാർപ്പിടം	143.70m^2
A3-9287/ 31.10.17	രാജേന്ദ്രൻ അണ്ണറോട്ടിൽ പരക്കാട്	25.77m^2/ വാണിജ്യം	പെർമിറ്റ് ഇല്ല
A3-11720/ 15.12.17	സൈതലവി മുനമ്പത്ത് വെങ്ങാനെല്ലൂർ	155.71m^2/ പാർപ്പിടം	103.68m^2

റഗുലറൈസേഷൻ ഫീസ് ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

2-6 നിർമ്മാണപ്രവൃത്തിയുടെ ഭാഗമായി പൊളിച്ചെടുത്ത ഇരുമ്പ് സാധനങ്ങൾ ലേലം ചെയ്തിട്ടില്ല.

ചേലക്കര ഗ്രാമ പഞ്ചായത്തിൽ റെക്കോർഡ് റൂം എന്ന പ്രോജക്ടിന്റെ പ്രവൃത്തികളുമായി ബന്ധപ്പെട്ട് പൊളിച്ച നീക്കിയ ഇരുമ്പ് സാധനങ്ങൾ ലേലം ചെയ്യുന്നതിനായി സെക്രട്ടറിക്ക് കൈമാറിയിട്ടുണ്ടെങ്കിലും ആയത് ലേലം ചെയ്തിട്ടില്ല. താഴെ പറയുന്ന വസ്തുക്കളാണ് പൊളിച്ചെടുത്ത് സെക്രട്ടറിക്ക് കൈമാറിയത്.

ഇനം	തൂക്കം (kg)
ആംഗിൾ അയേൺ 25*25mm	72.16
ആംഗിൾ അയേൺ 35*35mm	44.16
ജി എ്ി പൈപ്പ്	62.64

ട്രസ്സ്	168
ജി എ്ി ഷീറ്റ്	130
ജി ഐ ഷീറ്റ്	70
സ്റ്റീൽ ട്രസ്സ്	420

എന്നാൽ മേൽ വസ്തുക്കളുടെ വാല്യുവേഷൻ എടുത്തതായി കാണുന്നില്ല. എത്രയും പെട്ടെന്ന് ലേലം ചെയ്ത് തുക പഞ്ചായത്തുഫണ്ടിലേക്കു മുതൽകൂട്ടാനാവശ്യമായ നടപടികൾ കൈക്കൊള്ളേണ്ടതാണ്.

ഭാഗം-3

ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

3-1 കന്നുകുട്ടി പരിപാലനം-വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല

നിർവ്വഹണം-വെറ്ററിനറി സർജൻ

1.പ്രൊജക്ട് നം-153/18

വികസനഫണ്ട്-250000/-

ട്രഷറി ബിൽ നം-2/30.1.18-250000

ഗുണഭോക്താക്കളുടെ എണ്ണം -40

2. പ്രൊജക്ട് നം.417/18 പഞ്ചായത്ത് ഫണ്ട് ഉപയോഗിച്ച് പ്രത്യേക കന്നുകുട്ടി പരിപാലന പരിപാടി

വികസന ഫണ്ട്-475000/-

ട്രഷറി ബിൽ നം.3/20.02.18 -375000/-
ട്രഷറി ബിൽ നം.5/14.03.18 -100000/-

ഗുണഭോക്താക്കളുടെ എണ്ണം - 38

ആകെ ഗുണഭോക്താക്കളുടെ എണ്ണം-78

തെരഞ്ഞെടുത്ത 78 ഗുണഭോക്താക്കളുടെ കന്നുകുട്ടികൾക്കുള്ള തീറ്റവിതരണത്തിനായി ഗ്രാമപഞ്ചായത്ത് വിഹിതമായി മേൽ തുക എസ്.എൽ.ബി.പി ഡെപ്യൂട്ടിഡയറക്ടറുടെ അക്കൗണ്ട് നം.71301140000034 ലേക്ക് ട്രാൻസ്ഫർ ചെയ്തു നൽകിയിട്ടുണ്ട്. തീറ്റവിതരണം 3/18 മുതൽ ആരംഭിച്ചിട്ടുണ്ട്. താഴെ പറയുന്നഗുണഭോക്താക്കൾ പദ്ധതിയിൽ നിന്നും വിട്ടുപോയതായി കാണുന്നു. വിശദാംശം താഴെ ചേർക്കുന്നു.

ക്രമ നമ്പർ	ഗുണഭോക്താവിന്റെ പേര്	തീറ്റ വിതരണത്തിൽ നിന്നും വിട്ടുപോയ തീയതി	പ്രൊജക്ട് നമ്പർ
1	സതി പുളിക്കൽ	7/18 മുതൽ	153/18
2	പാത്തുമ്മ	6/18 മുതൽ	,,
3	വസന്തകുമാരി പടിഞ്ഞാറേതിൽ	9/18 മുതൽ	,,
4	ദേവയാനിയമ്മ	5/18 മുതൽ	,,
5	ഉഷ തോണിയിൽകുളം	9/18 മുതൽ	,,
6	ലക്ഷ്മികുട്ടി മുണ്ടറോട്ടിൽ	11/18 മുതൽ	417/18
7	ബീവാത്തുമ്മ	6/18 മുതൽ	,,

പദ്ധതി അവസാനിക്കുന്ന മുറയ്ക്ക് വിനിയോഗസാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്. പദ്ധതിയിൽ നിന്നും വിട്ടുപോയവരുടെ വിഹിതം തിരികെ ഈടാക്കി കൺസോളിഡേറ്റഡ് ഫണ്ടിൽ അടവാക്കേണ്ടതാണ്.

3-2 പൊതുടാപ്പുകൾ-സംയുക്ത പരിശോധന നടത്തി കൃത്യമായ കണക്കുകൾ സൂക്ഷിച്ചിട്ടില്ല

1. പൊതുടാപ്പുകൾ

ഗ്രാമപഞ്ചായത്ത് പരിധിയിൽ കേരള ജല അതോറിറ്റിയുടെ കണക്കുപ്രകാരം 406 പൊതു ടാപ്പുകൾ ഉണ്ട്. ആയതിന് പ്രതിമാസം 177625/- രൂപ വെള്ളക്കരമായി ഗ്രാമപഞ്ചായത്ത് ഒടുക്കി വരുന്നുണ്ട്. ഇത് പഞ്ചായത്തിന് അമിത ബാധ്യതയാകുമെന്നതിനാൽ താഴെ പറയുന്ന നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

1. ജല അതോറിറ്റിയുമായിച്ചേർന്ന് സംയുക്ത പരിശോധന നടത്തി പ്രവർത്തിക്കാത്ത ടാപ്പുകൾ ഒഴിവാക്കുന്നതിനും വെള്ളക്കരം ക്രമീകരിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.
തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കുടിവെള്ള വിതരണ സംവിധാനം കാര്യക്ഷമമാക്കുന്നതിനായി സ.ഉ (സാധാരണ) നം.1275/09/ ത.സ്വ.ഭ.വ തിയതി 30-5-2009 പ്രകാരം വിശദമായ മാർഗ്ഗരേഖ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. ജല അതോറിറ്റി പരിപാലിക്കുന്ന പൊതുടാപ്പുകളിലൂടെയുള്ള ജലവിതരണത്തിന്റെ ചെലവ് വഹിക്കുന്നത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളായതിനാൽ ജല അതോറിറ്റിയിലെ ഉദ്യോഗസ്ഥന്റെ സഹായത്തോടെ ഭൗതിക പരിശോധന നടത്തി ആകെയുള്ള പൊതു ടാപ്പുകൾ, ജലം ലഭ്യമാകുന്ന ടാപ്പുകൾ, പ്രവർത്തനക്ഷമമല്ലാത്ത ടാപ്പുകൾ എന്നിവയുടെ വിവരങ്ങൾ ശേഖരിക്കേണ്ടതാണെന്നും ഉപയോഗിക്കുന്ന ജലത്തിന് മാത്രമാണ് പണം നൽകുന്നതെന്ന് ഉറപ്പുവരുത്തേണ്ടതാണെന്നും സർക്കാർ നിർദ്ദേശം നൽകിയിരുന്നു.

2. പരമാവധി കുടുംബങ്ങൾക്ക് ജല ലഭ്യത ഉറപ്പാക്കുന്നതിനായി നിയമാനുസൃത സബ്സിഡി അനുവദിച്ച് വീടുകളിലേക്ക് കുടിവെള്ള കണക്ഷൻ അനുവദിക്കുന്നതിനുള്ള പ്രൊജക്റ്റുകൾ ഏറ്റെടുക്കേണ്ടതാണ്. ഇക്കാര്യത്തിനായി ജി.ഒ(എം.എസ്)നം.72/2017/തസ്വഭവ തിയതി 29-3-2017, ജി.ഒ (എം.എസ്)നം.80/2017/തസ്വഭവ തിയതി 03.04.2017 എന്നിവയിലെ നിബന്ധനകൾ അനുസരിച്ച് പ്രൊജക്റ്റുകൾ ആവിഷ്കരിക്കേണ്ടതാണ്.

3. ഒരു പ്രദേശത്തെ എല്ലാ വീടുകളിലേയും ജലലഭ്യത ഉറപ്പാക്കിയതിനുശേഷം ആ പ്രദേശത്തെ പൊതു ടാപ്പുകൾ നിർത്തലാക്കാവുന്നതാണ്.

2. കുടിവെള്ള പദ്ധതികളുടെ കൃത്യമായ കണക്കുകൾ സൂക്ഷിച്ചിട്ടില്ല

2017-18 സാമ്പത്തികവർഷം കുടിവെള്ള പദ്ധതികളുടെ വൈദ്യുതി ചാർജ് ഗ്രാമപഞ്ചായത്തിന്റെ തനതുഫണ്ടിൽ നിന്നും അടവാക്കി വരുന്നു. ജി.ഒ(ആർ.ടി)3065/2016 ത.സ്വ.ഭ.വ തിയതി 10.11.16 പ്രകാരം പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപെട്ടവർ ഗുണഭോക്താക്കളായ കുടിവെള്ളപദ്ധതികളുടെ വൈദ്യുതി ചാർജ് പഞ്ചായത്ത് ഫണ്ടിൽ നിന്നും നൽകുന്നതിന് അനുമതി നൽകിയിട്ടുള്ളതാണ്.

ഗ്രാമപഞ്ചായത്തിലെ ഓരോ വാർഡിലും പ്രവർത്തിക്കുന്ന കുടിവെള്ള പദ്ധതികൾ, ഗുണഭോക്തൃസമിതിയെ ഏൽപ്പിച്ചിട്ടുള്ള കുടിവെള്ളപദ്ധതികൾ, ഗുണഭോക്തൃകമ്മിറ്റി അംഗങ്ങൾ എന്നീ വിവരങ്ങൾ രേഖപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

കുടിവെള്ള പദ്ധതികളുടെ നടത്തിപ്പ് ഗുണഭോക്തൃസമിതിയെ ഏൽപ്പിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ഗുണഭോക്തൃസമിതി ഏറ്റെടുക്കാൻ തയ്യാറാകാത്ത പക്ഷം ഗ്രാമപഞ്ചായത്തിന് ഏറ്റെടുത്ത് നടത്താവുന്നതും കുടിവെള്ള പദ്ധതി ഗുണഭോക്താക്കളിൽ നിന്ന് വാട്ടർ ചാർജ് പിരിക്കാവുന്നതുമാണ്. ഇപ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നതിന് കുടിവെള്ള പദ്ധതികൾ സംബന്ധിച്ച പൂർണ്ണമായ വിവരങ്ങൾ ഗ്രാമപഞ്ചായത്ത് ശേഖരിക്കേണ്ടത് അത്യാവശ്യമാണ്. രജിസ്റ്റർ തയ്യാറാക്കി ആവശ്യമായ തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഈ വിഷയത്തിന്മേലുള്ള തുടർ നടപടികളുടെ വിശദാംശങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

3-3 പി.എച്ച്.സി യിലേക്ക് മരുന്ന് വാങ്ങൽ പദ്ധതി -നാളിതുവരെയായിട്ടും മരുന്ന് വിതരണം പൂർത്തിയായിട്ടില്ല

പ്രൊജക്ട് നം.141/2018, പി.എച്ച്.സി യിലേക്ക് മരുന്ന് വാങ്ങൽ പദ്ധതിയുടെ ഭാഗമായി KMSCL ന് മരുന്ന് വിതരണത്തിനായി ട്രഷറി ബിൽ നം. 4/17-18 തിയ്യതി. 13/03/2018 പ്രകാരം 1,00,000/- രൂപ കൈമാറിയിട്ടുണ്ട്. ആയതിൽ നാളിതുവരെ 91,109/- രൂപയുടെ മരുന്നുകൾ മാത്രമാണ് ലഭിച്ചിട്ടുള്ളത്. ബാക്കി 8,891/-രൂപയുടെ മരുന്നുകൾ എത്രയും പെട്ടെന്ന് ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

3-4 വിനിയോഗ സാക്ഷ്യപത്രം /രശീതി ഹാജരാക്കിയില്ല-ചെലവ് തുക തടസ്സപ്പെടുത്തുന്നു

സെക്രട്ടറി നിർവ്വഹണം നടത്തിയ താഴെ പറയുന്ന പ്രോജക്ടുകളിൽ പദ്ധതിപണം കൈമാറിയതിന്റെ കൈപ്പറ്റു രശീതി/ വിനിയോഗസാക്ഷ്യപ്പത്രം എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ലാത്തതാണ്.

ക്രമ നം	പ്രോജക്ടിന്റെ പേരും നമ്പരും	ഫണ്ട് വിവരം	ബിൽ നമ്പർ	തുക (₹)	റിമാർക്സ്
1	127/ഐ.കെ.എം വിഹിതം നൽകൽ	വികസന ഫണ്ട് .	13/17-18 dt.30-08-17	100000	ഇൻഫർമേഷൻ കേരള മിഷന് കൈമാറിയത്
2	351/ ഭിന്നശേഷിക്കാർക്കുള്ള റിസോഴ്സ് സെന്റർ- ജില്ലാ പഞ്ചായത്തിന് വിഹിതം നൽകൽ	വികസന ഫണ്ട്	15/17-18 dt.29-08-17	50000	ജില്ലാ പഞ്ചായത്തിന് കൈമാറിയത്
3	352/IMA Blood Bank ജില്ലാ പഞ്ചായത്തിന് വിഹിതം നൽകൽ	വികസന ഫണ്ട്	16/17-18 dt.29-08-17	100000	ജില്ലാ പഞ്ചായത്തിന് കൈമാറിയത്
4	320/തെരുവു നായക്കളുടെ നിയന്ത്രണം (എ.ബി.സി. പദ്ധതിയ്ക്കായുള്ള വിഹിതം)	വികസന ഫണ്ട് - പൊതു വിഭാഗം	14/17-18dt.29-08-17	2,25,000	ജില്ലാ പഞ്ചായത്തിന് കൈമാറിയത്
ആകെ				475000	

രശീതി/വിനിയോഗസാക്ഷ്യപ്പത്രത്തിന്റെ അഭാവത്തിൽ മേൽ പറഞ്ഞ 4 പ്രോജക്ടുകളിലായി വിനിയോഗിച്ച ₹475000/-യുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറി 24/3.5.2019-ന് മറുപടി ലഭിച്ചില്ല.

3-5 കൃഷി ഓഫീസർ നടപ്പിലാക്കിയ പദ്ധതി -ചെലവ് രേഖകൾ ഹാജരാക്കിയില്ല -3,30,000/- രൂപ തടസ്സപ്പെടുത്തുന്നു

നിർവ്വഹണോദ്യഗസ്ഥൻ -കൃഷി ഓഫീസർ

പ്രൊജക്ട്/പേര് -343/2018,ഹരിതാഭം (കാർഷിക കർമ്മസേന പദ്ധതി)

ചെലവ് തുക -3,30,000/- രൂപ

ട്രഷറി ബിൽ നം.14/17-18 തിയ്യതി-28/03/2018

സൊസൈറ്റി ചാരിറ്റബിൾ ആക്ട് പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള പഞ്ചായത്ത് കാർഷിക കർമ്മസേനയുടെ തുടർ പ്രവർത്തനങ്ങൾക്കായാണ് ഈ പദ്ധതി ആവിഷ്കരിച്ചിരിക്കുന്നത്.ഈ പദ്ധതി പ്രകാരം കാർഷിക കർമ്മസേനയിലെ വനിത അംഗങ്ങൾക്ക് പരിശീലനം നൽകുക, 2നടീൽ യന്ത്രങ്ങൾ സാദ്ധ്യമാക്കുക എന്നിവയാണ് ലക്ഷ്യമിട്ടിരുന്നത്. എന്നാൽ 3,30,000/-രൂപ 28/03/2018ന് പ്രൊഫസർ &ഹെഡ്,സെൻട്രൽ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ അക്കൗണ്ട് ഹെഡിലേക്ക് (57036603121) ട്രാൻസ്ഫർ ചെയ്യുക മാത്രമാണ് ചെയ്തിരിക്കുന്നത്.ആയതിന്റെ രശീതി, ചെലവ് രേഖകൾ,കർമ്മസേന രജിസ്റ്റർ ചെയ്തതിന്റെ വിവരങ്ങൾ മുതലായവ ഓഡിറ്റിന് ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (12/30-04-2019) മറുപടി ലഭിച്ചില്ല.ചെലവ് വിവരങ്ങളുടെ അഭാവത്തിൽ 3,30,000/-രൂപ തടസ്സപ്പെടുത്തുന്നു.

3-6 മീറ്ററിംഗ് സംവിധാനമുള്ള ഓട്ടോമാറ്റിക് തെരുവ് വിളക്കുകൾ സ്ഥാപിക്കൽ - വിശദാംശങ്ങൾ ലഭ്യമായില്ല

തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജിനത്തിൽ പ്രതിമാസം 1,04,783/-രൂപ കെ.എസ്.ഇ.ബി ,ചേലക്കര സെക്ഷനിൽ ഒടുക്കുന്നുണ്ട്.12-03-2013ലെ സർക്കുലർ നം.65529/ഡി.സി.3/2012/ ത.സ്വ.ഭ.വ പ്രകാരം എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും മീറ്ററിംഗ് സംവിധാനമുള്ള ഓട്ടോമാറ്റിക് തെരുവ് വിളക്കുകൾ സ്ഥാപിക്കേണ്ടതാണ്.ആയതിനുള്ള ടെക്നിക്കൽ സഹായം കെ.എസ്.ഇ.ബി നൽകുന്നതും ആവശ്യമായ തുക കെ.എസ്.ഇ.ബി.യിൽ ഒടുക്കേണ്ടതുമാണ്. ഇപ്രകാരം മീറ്ററിംഗ് സംവിധാനം നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്ന ഓഡിറ്റ് അന്വേഷണത്തിന്(11/30-04-2019) മറുപടി ലഭിച്ചില്ല.ഇക്കാര്യത്തിൽ ആവശ്യമായ തുടർ നടപടികൾ സ്വീകരിക്കുന്നതിന് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

3-7 പതിനാലാം ധനകാര്യകമ്മീഷൻ അവാർഡ്, തുകയുടെ വിനിയോഗം - സർക്കാർ നിർദ്ദേശത്തിനു വിരുദ്ധം

(a) സർക്കാർ ഉത്തരവ് (എം.എസ്)നം. 72/2017 തസ്വഭവ തിയതി 3.4.2017 പ്രകാരം ധനകാര്യ കമ്മീഷൻ ഗ്രാന്റ് സംബന്ധിച്ച് വ്യക്തമായ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഇതുപ്രകാരം റോഡുകളുടെ സംരക്ഷണം പരിപാലനം, തദ്ദേശസ്ഥാപനത്തിന്റേയും ഘടക സ്ഥാപനങ്ങളുടേയും കെട്ടിടങ്ങൾ ഒഴികെയുള്ള സാമൂഹിക ആസ്തികളുടെ പരിപാലനം സംരക്ഷണം എന്നിവ മാത്രമേ

ഏറ്റെടുക്കാനാവൂ. കൂടാതെ 10.11.2017ലെ സർക്കുലർ നമ്പർ ഡിഎ.1/859/2017/തസ്വഭവ പ്രകാരവും പുതിയ കോൺക്രീറ്റിങ്ങും ടാറിങ്ങും പാടില്ലെന്നും നിലവിലുള്ള റോഡിന്റെ പരിപാലനത്തിന്റേയും സംരക്ഷണത്തിന്റേയും ഭാഗമായി ടാറിങ്ങും കോൺക്രീറ്റിങ്ങും ആവശ്യമാണെന്ന് ബന്ധപ്പെട്ട എഞ്ചിനീയർ സാക്ഷ്യപ്പെടുത്തുകയാണെങ്കിൽ മാത്രം ഇവ അനുവദിക്കാമെന്നും പറയുന്നുണ്ട്.

ക്രമ നം.	പ്രോജക്ട് നമ്പർ	പ്രവൃത്തിയുടെ പേര്	ഫണ്ട്	അടങ്കൽ	ചെലവ്.	ചെലവിന്റെ വിശദാംശങ്ങൾ
1	9/18	പഞ്ചായത്തോഫീസ് നവീകരണം	13th Fc	300000	276893	11/17-18, dtd.29.7.17
2	10/18	പഞ്ചായത്തോഫീസിൽ റെക്കോർഡ് റൂം	do	450000	3851	112/17-18 dtd. 21.3.18
3	21/18	കുറുമല സബ്സെന്റ് റോഡ്	13th FC	75700	74075	65/17-18 dtd. 16.10.17
4	31/18	ഒലിപ്പുറം റോഡ്	do	146400	145568	70/17-18 dtd.16.10.17
5	73/18	മുഖാരിക്കുന്ന് അവിൽമിൽ റോഡ് ഫോർമേഷൻ	do	61562	49986	72/17-18 dtd.16.10.17
6	42/18	മങ്ങാട് മല്ലിശ്ശേരിക്കാവ് റോഡ് ഫോർമേഷൻ	do	250000	239630	7/17-18 dtd.13.1.18
7	54/18	കോളത്തൂർ അമ്പലം റോഡ് സോളിംഗ്	do	91990	91387	63/17-18 dtd16.10.17
8	62/18	ലൈസിയം കട്ട് റോഡ് സോളിംഗ്	do	150000	149204	18/17-18 dtd29.7.17
9	91/18	ചാപ്പൻനായർ റോഡ് സോളിംഗ്	do	200000	199250	33/17-18 dtd29.7.17
10	93/18	സഹ്ങാ് റോഡ് മെറ്റലിംഗ് ടാറിംഗ്	do	200000	200000	61/17-18 dtd16.10.17
11	202/18	വായനശാല കെട്ടിടം റിപ്പെയർ	do	100000	95777	136/17-18 dtd 28.3.18
12	294/18	ചാക്കപ്പൻപടി പഞ്ചായത്ത് കിണർ റോഡ് കോൺക്രീറ്റിംഗ്	do	49000	48613	119/17-18 dtd23.8.18
13	299/18	പങ്ങാരപ്പിള്ളി	do	100000	59877	123/17-18

		വടക്കേക്കര റോഡ് കോൺക്രീറ്റിംഗ്				dtd23.3.18
14	311/18	പൊന്നുംകുന്ന് റോഡ് കോൺക്രീറ്റിംഗ്	do	300000	246300	113/17-18 dtd21.3.18
15	17/18	പള്ളികുന്ന് റോഡ് ടാറിംഗ്	do	200000	145358	58/17-18 dtd16.10.17
16	20/18	അലർട്ട് കോളേജ് റോഡ് സോളിംഗ്	do	147000	146991	9/17-18 dtd29.7.17
17	22/18	നാട്യൻചിറ വില്ലേജാഫീസ് അയ്യപ്പൻകാവ് റോഡ് മെറ്റലിംഗ് ടാറിംഗ്	do	450000	450000	111/17-18 dtd21.3.18
18	27/18	പ്ലാന്റേഷൻ റോഡ് മെറ്റലിംഗ് ടാറിംഗ്	do	180000	120476	25/17-18 dtd29.7.17
19	28/18	മണ്ണാത്തിപ്പാറ ചിറ്റിലപ്പിള്ളി റോഡ് ടാറിംഗ്	do	185000	131300	103/17-18 dtd25.10.17
20	29/18	തോന്നൂക്കര 42ാം നമ്പർ അംഗൻവാടി റോഡ് മെറ്റലിംഗ്, ടാറിംഗ്	do	114000	66628	22/17-18 dtd29.7.17
21	37/18	അയ്യപ്പഭഗവതി ക്ഷേത്രം റോഡ് സൈഡ് കെട്ട്, മെറ്റലിംഗ് ടാറിംഗ്	do	350000	327016	93/17-18 dtd25.10.17
22	40/18	കന്നുതൊട്ടി പ്ലാന്റേഷൻ കോണത്തുകുളമ്പ് റോഡ് ടാറിംഗ്	do	178480	177995	95/17-18 dtd25.10.17
23	45/18	താഴത്തെ പരയ്ക്കാട്കയറൻ റോഡ് ടാറിംഗ്	do	200000	198162	84/17-18 dtd25.10.17
24	47/18	റാണിബേക്കറി റോഡ് ടാറിംഗ്	do	200000	126217	89/17-18 dtd25.10.17
25	61/18	പൊന്നുംകുന്ന് റോഡ് ടാറിംഗ്	do	300000	296559	81/17-18 dtd25.10.17

26	65/18	കോണത്തുകുളമ്പ് റോഡ് ടാറിംഗ്	do	300000	286484	85/17-18 dtd 25.10.17
27	72/18	കെ.എച്ച്.ഡിപി മങ്ങാട് റോഡ് മെറ്റലിംഗ്, ടാറിംഗ്	do	300000	264813	16/17-18 dtd 29.7.17
28	229/18	കുങ്കുമത്ത് പടി റോഡ് സോളിംഗ്, ടാറിംഗ്	do	400000	362262	145/17-18 dtd26.3.18
29	254/18	കിഴക്കേ വട്ടുള്ളി റോഡ് മെറ്റലിംഗ് ടാറിംഗ്	do	68000	63732	41/17-18 dtd30.8.17
30	256/18	കുറുമല സബ്സെന്റർ റോഡ്. മെറ്റലിംഗ് ടാറിംഗ്	do	300000	273347	141/17-18 dtd28.3.18
31	266/18	ഇസ്രയേൽകുന്ന് ശ്മശാനം റോഡ് സൈഡ് കെട്ട് ടാറിംഗ്	do	200000	200000	112/17-18 dtd23.8.17
32	364/18	ആശാരിത്തറ കോളനിറോഡ് ടാറിംഗ്	do	250000	245737	116/17-18 dtd 23.3.18

ഫണ്ട് വിനിയോഗിക്കുമ്പോൾ സർക്കാർ ഉത്തരവുകളും നിർദ്ദേശങ്ങളും പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ് ചെലവഴിച്ച തുക 5763488/- രൂപ തടസ്സപ്പെടുത്തുന്നു.

(b) മെയിന്റനൻസ് ഗ്രാന്റ് വിനിയോഗം സർക്കാർ നിർദ്ദേശത്തിനു വിരുദ്ധം

നിലവിലുള്ള ആസ്തികളുടെ സംരക്ഷണത്തിനും സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുമാണ് റോഡിതര സംരക്ഷണ ഗ്രാന്റ് ഉപയോഗിക്കേണ്ടത്.എന്നാൽ താഴെ ചേർത്തിട്ടുള്ള പദ്ധതികൾ മേൽ നിർദ്ദേശത്തിനു വിരുദ്ധമായാണ് നടപ്പാക്കിയിരിക്കുന്നത്.വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

ക്രമ നം.	പ്രോജക്ട് നമ്പർ	പ്രവൃത്തിയുടെ പേര്	ഫണ്ട്	അടങ്കൽ	ചെലവ്	ചെലവിന്റെ വിശദാംശങ്ങൾ
1	11/18	പരക്കാട് ICDP സബ് സെന്റർ	മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ്	89000	80231	28/17-18 dtd.29.07.17
2	14/18	അന്തിമഹാകാളൻകാവ് റോഡ്	“	204470	185100	88/17-18 dt.25.10.17

ആകെ 265331/- രൂപ തടസ്സത്തിൽ വെക്കുന്നു.

3-8 പൈപ്പ് ലൈൻ എക്സ്റ്റൻഷന് വാട്ടർ അതോറിറ്റിയിൽ ഡെപ്പോസിറ്റ് ചെയ്ത തുകയുടെ പൂർത്തീകരണ സർട്ടിഫിക്കറ്റ്,വിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കിയിട്ടില്ല

പടിഞ്ഞാറെ പങ്ങാരപ്പള്ളിയിലേയ്ക്ക് ആനപ്പാറ കുടിവെള്ളപദ്ധതിയിൽനിന്നും പൈപ്പ് ലൈൻ നീട്ടുന്നതിനായി കേരള വാട്ടർ അതോറിറ്റി പി.എച്ച് ഡിവിഷൻ തൃശ്ശൂർ എക്സിക്യൂട്ടീവ് എഞ്ചിനീയർ അംഗീകരിച്ച എസ്റ്റിമേറ്റ് പ്രകാരം 540000/-രൂപടഷറി ബിൽ നമ്പർ 102/17-18 dtd 25.10.17 പ്രകാരം കേരള വാട്ടർ അതോറിറ്റി പി.എച്ച് ഡിവിഷൻ തൃശ്ശൂർ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പേരിൽ അടവാക്കിയിട്ടുണ്ട്. 28.3.17ലെ 82/Ae/LSGD/CKA/16-17 എഗ്രിമെന്റ് പ്രകാരം 15.4.17ൽ പ്രവൃത്തി ആരംഭിച്ച് 30.9.17ൽ പ്രവൃത്തി പൂർത്തീകരിക്കും എന്നാണ്. എന്നാൽ പൂർത്തീകരണ സർട്ടിഫിക്കറ്റ്, വിനിയോഗ സാക്ഷ്യപത്രം എന്നിവ ഹാജരാക്കിയിട്ടില്ല. ഇക്കാരണത്താൽ ഡെപ്പോസിററ് ചെയ്ത തുക 540000/- തടസ്സപ്പെടുത്തുന്നു. (ഓഡിറ്റ് എൻക്വയറി നമ്പർ 18/02.05.19)

3-9 ചേലക്കര ഗ്രാമപഞ്ചായത്തോഫീസ് റെക്കോർഡ് റൂം-ലക്ഷ്യപ്രാപ്തി കൈവരിച്ചില്ല.

പ്രോജക്റ്റ് നമ്പർ S0010/18

അടങ്കൽ 500000/-രൂപ

പ്രവൃത്തി മൂല്യം 383189/-രൂപ

ടഷറിബിൽ 12/17-18 dtd 21.3.18.

എം.ബി നമ്പർ1024/17-18

കരാർ 75/AE/LSGD/CKA/16-17 dtd 17.3.17

കരാറുകാരൻ ശ്രീ.സി.എം.ജോർജ്ജ്

പഞ്ചായത്തോഫീസ് റെക്കോർഡ് റൂമിനായി ഒാഫീസ് കെട്ടിടത്തിന്റെ രണ്ടാം നിലയുടെ മുകളിൽ നിലവിലുള്ള ജി.ഐ ഷീറ്റ് മേഞ്ഞഭാഗം പൊളിച്ചെടുത്ത് പ്രബലിത കോൺക്രീറ്റ് കോളം നിർമ്മിച്ച് കോൺക്രീററ് ബീമുകൾക്കു മുകളിൽ മേൽക്കൂര സ്ളാബിട്ട് മുറി നിർമ്മിക്കുന്നതിനുള്ള എസ്റ്റിമേറ്റ് പ്രകാരം ഒരു റൂം നിർമിച്ചിട്ടുണ്ട്.എന്നാൽ പ്രസ്തുത റൂം നാളിതുവരെ റെക്കോർഡ് റൂമായി ഉപയോഗിക്കാതെ ഒരു സ്റ്റോർ റൂമായിട്ടാണ്

ഉപയോഗിക്കുന്നത്. റെക്കോർഡ് റൂമിനായി പണിതീർത്ത റൂം അതേ ആവശ്യത്തിനായി ഉപയോഗിക്കാത്തതിന് കാരണമൊന്നും ഫയലിൽ രേഖപ്പെടുത്തിയിട്ടില്ല,.ആയതിനു എൻക്വയറിനമ്പർ 28/4.5.2019 കൊടുത്തിട്ടുണ്ടെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല.ലക്ഷ്യം കൈവരിക്കാത്ത മേൽപ്രവൃത്തിക്കുവേണ്ടി ചെലവഴിച്ച 383189/രൂപ തടസ്സത്തിൽ വയ്ക്കുന്നു

3-10 ചേലക്കര ടൗൺ ഡ്രെയിനേജ്,നീക്കംചെയ്ത മണ്ണ്, മറ്റു വസ്തുക്കളും കാണാൻ കഴിഞ്ഞില്ല

പ്രോജക്റ്റ് നമ്പർ s012/18

അടങ്കൽ 400000

പ്രവൃത്തി മൂല്യം 387856/-രൂപ

ട്രഷറി ബിൽ 1/17-18 dtd 13.1.18

കരാർ 60/A.E/LSGD/CKA/16-17 dtd1.3.17

കരാറുകാരൻ സി.ജി.ശിവൻ

എം.ബി 874/16-17

മേൽ പ്രവത്തിയുടെ എം.ബി,ഫൈനൽ ബിൽ എന്നിവ പ്രകാരം 1298.6എം^{3} മണ്ണും മറ്റു വസ്തുക്കളും നീക്കം ചെയ്തതിനു 387856/- രൂപ ചെലവഴിച്ചിട്ടുണ്ട്.പ്രവൃത്തിയുടെ എം.ബി 874/6-17, പേജ്നമ്പർ 1 ൽ,കാനയിൽ നിന്നും നീക്കം ചെയ്ത മണ്ണ് പങ്ങാരപ്പള്ളിയിൽ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള സ്ഥലത്തേക്കു മാറ്റുമെന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. സ്ഥലപരിശോധനയുമായി ബന്ധപ്പെട്ട് പഞ്ചായത്തുവക സ്ഥലം സന്ദർശിച്ച വേളയിൽ നീക്കം ചെയ്ത മണ്ണ് അവിടെ നിക്ഷേപിച്ചതിന്റെ യാതൊരു സൂചനയും കാണാൻ കഴിഞ്ഞില്ല. ഈ സാഹചര്യത്തിൽ നീക്കം ചെയ്ത മണ്ണ് യഥാർത്ഥത്തിൽ എന്തു ചെയ്തു എന്ന് വ്യക്തമാക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നമ്പർ27/4.5.19)

3-11 പൊതുമരാമത്ത് പ്രവൃത്തികളിലെ നിർവ്വഹണത്തിലെ പോരായ്മകൾ

പൊതുമരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണം സംബന്ധിച്ച് 13-ാം പദ്ധതി മാർഗ്ഗരേഖയായ 29.3.2017 ലെ ജി.ഒ.(എം.എസ്) 72/2017/ത.സ്വ.ഭ.വ യിൽ വിശദമായി നിർദ്ദേശങ്ങളുണ്ട്. എന്നാൽ പ്രൊജക്ടുകളുടെ ആസൂത്രണം, നിർവ്വഹണം, മോണിട്ടറിംഗ് എന്നിവ നിർവ്വഹിക്കുമ്പോൾ മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിക്കുന്നില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. റോഡ് കണക്റ്റിവിറ്റി പ്ലാൻ, ഭൂപടം എന്നിവ തയ്യാറാക്കിയിട്ടില്ല

ഗതാഗതമേഖലയിലെ പ്രൊജക്ട് നിർവ്വഹിക്കുന്നതിന് ഓരോ തദ്ദേശഭരണസ്ഥാപനവും റോഡ് കണക്റ്റിവിറ്റി ഭൂപടവും റോഡ് കണക്റ്റിവിറ്റി പദ്ധതിയും തയ്യാറാക്കേണ്ടതാണെന്ന് മാർഗ്ഗരേഖയിലെ ഖണ്ഡിക 12.10(1) ൽ അനുശാസിക്കുന്നു. ഓരോ റോഡ് നിർമ്മാണ പ്രവൃത്തിയോടൊപ്പവും റോഡ് കണക്റ്റിവിറ്റി ഭൂപടത്തിൽ പ്രസ്തുത റോഡിന്റെ ഭാഗം അടയാളപ്പെടുത്തി സൂക്ഷിക്കേണ്ടതുമാണ്. എന്നാൽ റോഡ് കണക്റ്റിവിറ്റി ഭൂപടവും പദ്ധതിയും തയ്യാറാക്കാതെയാണ് ഗതാഗതമേഖലയിലെ പ്രൊജക്ടുകൾ നടപ്പാക്കിയിരിക്കുന്നത്.

2. ആസ്തി സംരക്ഷണപദ്ധതി തയ്യാറാക്കിയിട്ടില്ല.

സംരക്ഷണഗ്രാന്റും വകയിരുത്താൻ കഴിയുന്ന തനത് ഫണ്ടും ഉപയോഗപ്പെടുത്തി തദ്ദേശഭരണസ്ഥാപനത്തിന്റെ ഉടമസ്ഥതയിലും നിയന്ത്രണത്തിലും ഉള്ള റോഡ്, റോഡ് ഇതര ആസ്തികളുടെ സംരക്ഷണത്തിന് ഒരു പ്രത്യേക ആസ്തി സംരക്ഷണപദ്ധതി ഓരോ തദ്ദേശഭരണസ്ഥാപനവും തയ്യാറാക്കണമെന്ന് മാർഗ്ഗരേഖയിലെ ഖണ്ഡിക 13.6(1) ൽ നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ആസ്തി സംരക്ഷണപദ്ധതി തയ്യാറാക്കാതെയാണ് ആസ്തി സംരക്ഷണപ്രവൃത്തികൾ ഗ്രാമപഞ്ചായത്ത് ഏറ്റെടുത്തിരിക്കുന്നത്.

3. നിർദ്ദിഷ്ട രീതിയിൽ മോണിട്ടറിംഗ് നടത്തുന്നില്ല.

മാർഗ്ഗരേഖയിലെ ഖണ്ഡിക 14.6 പ്രകാരം പ്രൊജക്ട് മോണിട്ടറിംഗ് അതാത് വർക്കിംഗ് ഗ്രൂപ്പുകൾ നിർവ്വഹിക്കേണ്ടതാണ്. അതിനായി പദ്ധതി രൂപീകരണത്തിനു ശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിട്ടറിംഗ് കമ്മിറ്റികളായി പ്രവർത്തിക്കേണ്ടതാണ്. മോണിട്ടറിംഗ് കമ്മിറ്റികൾ യോഗം ചേർന്ന് മോണിട്ടറിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹണഉദ്യോഗസ്ഥനും ഭരണസമിതിക്കും നൽകേണ്ടതാണ്. എന്നാൽ ഈ രീതിയിലുള്ള മോണിട്ടറിംഗ് നടത്തിയിട്ടില്ല. മേൽപറഞ്ഞ അപാകതകൾ പരിഹരിക്കുന്നതിനാവശ്യമായ ഫലപ്രദമായ നടപടികൾ സ്വീകരിയ്ക്കേണ്ടതാണ്.

3-12 കുടിവെള്ള പദ്ധതികൾ

കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനായിനിരവധി പദ്ധതികൾ പഞ്ചായത്തിൽ നടപ്പാക്കി വരുന്നുണ്ട്. കുഴൽക്കിണർ, പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ, മോട്ടോർ സ്ഥാപിക്കൽ, അഡീഷണൽ സോഴ്സ് നിർമ്മിക്കൽ എന്നിവയ്ക്കുള്ള പ്രോജക്ടുകളാണ് 2017-18 വർഷത്തിൽ കൂടുതലും നടപ്പാക്കിയിരിക്കുന്നത്. 7945725 രൂപ ഇതിനായി വകയിരുത്തുകയും 6970926 രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.

ഇതുകൂടാതെ തോട് സംരക്ഷണം, ചീർപ്പ് നിർമ്മാണം, ചീർപ്പ് സംരക്ഷണം, തടയണ നിർമ്മാണം, ബണ്ട് നിർമ്മാണം, ബണ്ട് സംരക്ഷണം എന്നീ ഇനങ്ങളിലും 17-18 വർഷത്തിൽ തുക ചെലവഴിച്ചിട്ടുണ്ട്.

കുടിവെള്ള പദ്ധതികളിൽ കണ്ട പൊതുവായ അപാകതകൾ താഴെ കൊടുക്കുന്നു.

1)ജല ലഭ്യത ഉറപ്പുവരുത്തി വിദഗ്ധരെക്കൊണ്ട് സാക്ഷ്യപ്പെടുത്തി ജലസ്രോതസ്സ് തീരുമാനിച്ചതിനു ശേഷം മാത്രമേ കുടിവെള്ള പ്രൊജക്ടുകൾ തയ്യാറാക്കാൻ പാടൂ എന്നാണ് ജി.ഒ. (എം.എസ്)നം.72/2017/തസ്വഭവ. തിയതി29.3.2017 ഖണ്ഡിക 12.7. പറയുന്നത്. എന്നാൽ ഈ നിർദ്ദേശം പാലിച്ചതായി കാണുന്നില്ല.

2)നടപ്പിലാക്കുന്ന പദ്ധതികൾ ഫലപ്രാപ്തിയിലെത്തുന്നുണ്ടോയെന്ന് ശ്രദ്ധിക്കുന്നില്ല. മോണിറ്ററിങ്ങ് സംവിധാനം കാര്യക്ഷമമല്ല.

കുടിവെള്ള പദ്ധതികൾ സംബന്ധിച്ച ഒരു രജിസ്റ്റർ പഞ്ചായത്തിൽ സൂക്ഷിക്കുന്നില്ല

3)പൂർത്തീകരിച്ച കുടിവെള്ള പദ്ധതികൾ ഗുണഭോക്തൃ സമിതിക്കു കൈമാറുന്നതു സംബന്ധിച്ച വിവരങ്ങൾ ലഭ്യമല്ല.

4)പൂർത്തീകരിച്ച കുടിവെള്ള പദ്ധതികൾ ആസ്തി രജിസ്റ്ററിൽ ചേർത്ത് ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

3-13 അസിസ്റ്റന്റ് സെക്രട്ടറി നടപ്പാക്കിയ പദ്ധതികളിലെ അപാകതകൾ

അസിസ്റ്റന്റ് സെക്രട്ടറി നടപ്പാക്കിയ പദ്ധതികളിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1) പ്രൊജക്ട് നം.SO383/18-എസ് സി വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ വാങ്ങൽ (സ്പിൽ ഓവർ)

പദ്ധതി അടങ്കൽ –44000 രൂപ

പദ്ധതി ചെലവ് :33146 രൂ (ചെക്ക് നം .3503/ 18.01.2018, വൗച്ചർനം.21700956/19.01.18)

2017-18-ലെ മേൽ പ്രൊജക്ടിന്റെ ഭാഗമായി 2016-17-ൽ 10ാം ക്ലാസ് വിദ്യാർത്ഥികളായിരുന്ന 9 വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ (മേശ,കസേര) വാങ്ങി നൽകിയിട്ടുണ്ട്. 2016-17-ലെ പ്രൊജക്ട് സ്പിൽ ഓവറായി തുടരുന്നതിനു പകരം പുതിയ പദ്ധതി ആവിഷ്കരിച്ച് ആനുകൂല്യങ്ങൾ നൽകുകയാണ് ചെയ്തിട്ടുള്ളത്. പക്ഷേ അപേക്ഷയോടൊപ്പം 2016-17ലെ അർഹതാ സാക്ഷ്യ പത്രങ്ങളാണ് ഹാജരാക്കിയിട്ടുള്ളത്. പുതിയ പദ്ധതിയോടൊപ്പം ടി കുട്ടികൾ 2017-18 ൽപ്രസ്തുത ആനുകൂല്യത്തിന് അർഹരാണോ എന്നതു സംബന്ധിച്ച് വിദ്യാലയങ്ങളിൽ നിന്നും സാക്ഷ്യപത്രങ്ങൾ ഹാജരാക്കിയിട്ടില്ല.

ടി കുട്ടികൾക്ക് 29/03/17 ലെ 439(6) നമ്പർ തീരുമാനപ്രകാരം പഠനോപകരണങ്ങൾ (മേശ,കസേര) അടുത്ത വർഷത്തെ പദ്ധതിയിൽ ഉൾപ്പെടുത്തി വാങ്ങി നൽകാൻ 31/3/2017-ലെ 441(6) നമ്പർ തീരുമാനമുള്ളതായും ആയതിനോടനുബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി (നം7/30.04.2019)ക്ക് മറുപടി നൽകിയിട്ടുണ്ട്. ഈ വിദ്യാർത്ഥികൾക്ക് 2017-18 വർഷത്തിലെ അർഹത തെളിയിക്കുന്നതിനാവശ്യമായ രേഖകൾ ഹാജരാക്കുന്നത് വരെ 33146 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു .

2.പദ്ധതി നം .s0 357/17(പട്ടിക വർഗ്ഗത്തിൽ പെട്ട വിദ്യാർത്ഥികൾക്ക് പഠനോപകരണം), s0355/18

(SC-ST വിദ്യാർത്ഥികൾക്ക് ഫർണീച്ചർ)

സ.ഉ.(സാധാ)നം .536/2016/തസ്വഭവ തീ.9.2.16 പ്രകാരം സ്കൂളുകളിലും കോളേജുകളിലും പട്ടിക ജാതി ആനുകൂല്യം വാങ്ങുന്ന കുട്ടികൾക്ക് ,സ്കൂൾ /കോളേജ് അധികൃതർ നൽകുന്ന രേഖയുടെ അടിസ്ഥാനത്തിൽ ആനുകൂല്യം അനുവദിക്കാവുന്നതാണ്.എന്നാൽ മേൽ പദ്ധതിയുടെ ഭാഗമായുള്ള ഭൂരിഭാഗം അപേക്ഷകളോടൊപ്പവും ഇത്തരത്തിലുള്ള സാക്ഷ്യപത്രങ്ങളോ,റവന്യൂ വകുപ്പിൽ നിന്നുള്ള ജാതി തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റുകളോ ഇല്ല. സ്കൂൾ മുഖേന ഫർണീച്ചർ വിതരണം ചെയ്തു എന്നു മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത് . ആവശ്യമായ രേഖകൾ ഹാജരാക്കുന്നവർക്ക് മാത്രം ആനുകൂല്യങ്ങൾ വിതരണം ചെയ്യാൻ ശ്രദ്ധിക്കേണ്ടതാണ്.

3-14 ഭവന പുനരുദ്ധാരണം(എസ്.സി)- കൈവശ രേഖകളില്ലാത്ത വ്യക്തിക്ക് തുക നൽകി.

പ്രൊജക്ട് നമ്പർ – S0138/18
നിർവ്വഹണ ഉദ്യോഗസ്ഥൻ – വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, ചേലക്കര സർക്കിൾ
പ്രൊജക്ട് അടങ്കൽ - ₹ 337500

ചെലവ്-

ട്രഷറി ബിൽനം.1/11.7.17-₹225000/-

ട്രഷറി ബിൽനം.6/27.9.17-₹12500/-

ട്രഷറി ബിൽനം.11/15.02.18-₹12500/-

ട്രഷറി ബിൽനം.19/26.03.18-₹12500

ബിൽ നം .11,19 എന്നിവ പ്രകാരം ചാമി ഭാര്യ കമലം എന്നവർക്ക് 25000 രൂപ ധനസഹായം അനുവദിച്ചു. അപേക്ഷയോടൊപ്പം പഞ്ചായത്തിൽ നിന്നുള്ള റസിഡൻഷ്യൽ സർട്ടിഫിക്കറ്റ് ഇല്ല. ശ്രീമതി കമലം, സർവ്വേ നം. 448ൽ, ചേലക്കര ഗ്രാമ പഞ്ചായത്ത് XIII/163ാം നമ്പർ വീട്ടിൽ സ്ഥിര താമസമാണെന്നും, നിലവിൽ ടി ഭൂമിക്ക് നികുതി അടച്ചിട്ടില്ലെന്നും, ടി ഭൂമിക്ക് ആധാരം ഇല്ലെന്നും വില്ലേജ് ഓഫീസർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. ഉടമസ്ഥാവകാശം ഉറപ്പു വരുത്താതെ ധനസഹായം അനുവദിച്ചതിന് വിശദീകരണം നൽകേണ്ടതാണ്.

പത്മാവതി സുബ്രമണ്യൻ, ചാത്തൻ കുട്ടി എന്നീ ഗുണഭോക്താക്കളുടെ അപേക്ഷയോടൊപ്പം ധനസഹായം അനുവദിക്കാത്തതു സംബന്ധിച്ച് പട്ടിക ജാതി വികസന ഓഫീസർ നൽകുന്ന സാക്ഷ്യപത്രം , ജാതി സാക്ഷ്യ പത്രം (പട്ടികജാതി വികസന ഓഫീസർ/വില്ലേജ് ഓഫീസർ നൽകിയത്) എന്നിവ ഇല്ല.

3-15 സാനിറ്ററി യൂണിറ്റ് നിർമ്മാണം-നിർമ്മാണം പൂർത്തിയാക്കാത്തവർ-തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

പ്രൊജക്ട് നം.S 0135/18
നിർവ്വഹണ ഉദ്യോഗസ്ഥൻ – വി.ഇ.ഒ., ചേലക്കര സർക്കിൾ

അടങ്കൽ-₹28000

ചെലവ്-.₹2700 (ചെക്ക് നം.3440979/26.09.17,ടിഎസ് ബി)

2016-17-ലെ S 01/17 പദ്ധതിയുടെ സ്പിൽ ഓവർ പദ്ധതിയാണിത്. പദ്ധതി പ്രകാരം ഒരു സാനിറ്ററി യൂണിറ്റിന് 15400/- രൂപ ധനസഹായം അനുവദിക്കേണ്ടതാണ്. എന്നാൽ തുക വിതരണം ചെയ്യുന്ന രജിസ്റ്റർ പരിശോധിച്ചതിൽ 2016-17 വർഷം തുക കൈപ്പറ്റിയ താഴെ പറയുന്ന ഗുണഭോക്താക്കൾ നിർമ്മാണം പൂർത്തീകരിച്ച് അവസാന ഗഡു കൈപറ്റിയതായി രേഖപ്പെടുത്തലുകളില്ല. ടി പദ്ധതി 2017-18ൽ അവസാനിക്കുകയും ചെയ്തു. നാളിതുവരെ ഇവർ നിർമ്മാണം പൂർത്തീകരിച്ചില്ലെങ്കിൽ അനുവദിച്ച തുക തിരിച്ചു പിടിക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നമ്പർ 14/2.5.19)

ഗുണഭോക്താവ്	അനുവദിച്ച തുക
കുറുമ്പ,തേക്കിൻ കാട്ടിൽ വീട്	13200
അന്നക്കുട്ടി തേവർകാട്ടിൽ വീട്	7700
കോത ,കാരേക്കാട്ടിൽ	7700
രവി.പിജി	7700

3-16 ലൈഫ് മിഷൻ-പൂർത്തീകരിയ്കാത്ത വീടുകളുടെ പൂർത്തീകരണം-

പ്രൊജക്ട് നം. S 0419/18
നിർവ്വഹണ ഉദ്യോഗസ്ഥൻ – വി.ഇ.ഒ., ചേലക്കര സർക്കിൾ

അടങ്കൽ-₹2000000/-

ഇ.എം.എസ്. ഭവന നിർമ്മാണ പദ്ധതിയുടെ ഗുണഭോക്താക്കളായ ശ്രീമതി തങ്കമ്മ,വടക്കേതിൽ വീട്,കുമാരി താണിക്കൽ വീട് എന്നിവർക്ക് പൂർത്തീകരിയ്ക്കാത്ത ഭവനങ്ങളുടെ പൂർത്തീകരണത്തിനായി ലൈഫ് മിഷൻ പദ്ധതിയിലുൾപ്പെടുത്തി 2016-17, 17-18 വർഷങ്ങളിലായി യഥാക്രമം 160000 രൂപയും 270000 രൂപയും നൽകിയിട്ടുണ്ട്. എന്നാൽ ഇവർ

നാളിതുവരെ പണി പൂർത്തീകരിച്ചതായി തുക വിതരണം ചെയ്ത രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. സ്ഥല പരിശോധന നടത്തി പണി പൂർത്തീകരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നമ്പർ 20/03.05.19)

3-17 ജവഹർ ഭവന പദ്ധതി-കൂട്ടിച്ചേർക്കലിനു തുക അനുവദിച്ചു

നിർവ്വഹണ ഉദ്യോഗസ്ഥൻ – വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, ചേലക്കര സർക്കിൾ
പ്രൊജക്ട് നം. S 0179/18

അടങ്കൽ-₹330000/-

ചെലവ്-₹195000/- (ടി.എസ്.ബി. ചെക്ക് നം. 2854799/

24.10.17-120000,2854814/

29.11.17-75000)

2015-16ൽ തുടങ്ങിയ പദ്ധതിയാണിത്. 36 പേർക്ക് 150000/- രൂപ വീതമാണ് വിതരണം ചെയ്യേണ്ടിയിരുന്നത്. തുക വിതരണ രജിസ്റ്റർ പ്രകാരം 2015-16ൽ ഗീത മൂലന്തൊടി എന്നവർക്ക് 105000 രൂപയും ദീപ, ചങ്ങംചാർത്ത് വീട് എന്നവർക്ക് 60000 രൂപയും മുൻകൂർ അനുവദിച്ചിരുന്നു. എന്നാൽ ഇവർ നാളിതുവരെ പണി പൂർത്തിയാക്കിയതായി രജിസ്റ്ററിൽ രേഖപ്പെടുത്തലുകളില്ല. ദീപ, ചങ്ങംചാർത്ത് വീട് എന്നവർ നിലവിലുള്ള വീടിനോടു ചേർത്ത് പുതിയ വീട് പണിതതായി തുക വിതരണ രജിസ്റ്ററിൽ രേഖപ്പെടുത്തി കാണുന്നു. പദ്ധതിയുടെ ഭാഗമായി കൂട്ടിച്ചേർക്കലുകൾക്ക് തുക അനുവദിക്കാവുന്നതല്ല. സ്ഥല പരിശോധന നടത്തി നിജസ്ഥിതി ഉറപ്പുവരുത്തി തുക തിരിച്ചു പിടിക്കേണ്ടതാണ്

3-18 പ്രധാനാദ്ധ്യാപിക നടപ്പിലാക്കിയ പദ്ധതികളിലെ അപാകതകൾ

പ്രൊജക്ട് നം. S 0362/18, പത്രങ്ങളും ആനുകാലികങ്ങളും

അടങ്കൽ-₹50000/-

ചെലവ്-₹49950/- (ട്രഷറി ബിൽ നം.7/24.03.18)

പഞ്ചായത്ത് പരിധിയിലെ വിവിധ സ്ഥാപനങ്ങളിൽ ആനുകാലികങ്ങൾ ഒരു വർഷത്തേക്ക് വിതരണം ചെയ്യുന്നതിനായി ദേശാഭിമാനി പബ്ളിക്കേഷന് 25800 രൂപയും വീക്ഷണം പബ്ളിക്കേഷന് 24150 രൂപയും നല്കിയിട്ടുണ്ട്..ജി ഒ (എം എസ്)നം 72/17 ത സ്വഭ വ തി.29-3-17(പദ്ധതി മാർഗ്ഗരേഖ) പ്രകാരം ഇത്തരമൊരു പ്രൊജക്റ്റ് പഞ്ചായത്തുകൾക്ക് ഏറ്റെടുക്കാമെന്ന് വ്യവസ്ഥ ചെയ്തിട്ടില്ല. മാർഗ്ഗരേഖക്ക് വിരുദ്ധമായി പദ്ധതി നടപ്പിലാക്കിയതിന് വിശദീകരണം ആവശ്യമാണ് .

2) പ്രൊജക്ട് നം. s 0333/18, ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് പഠന സഹായം

അടങ്കൽ-₹1800000/-

ചെലവ്-₹864300/- (ട്രഷറി ബിൽ നം.3/14.02.18)

പദ്ധതിയുടെ ഭാഗമായി 11 മാസത്തെ ബത്ത മാത്രമാണ് അനുവദിച്ചത്.മാനസിക വെല്ലു വിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് പ്രതിവർഷം ഉല്ലാസ യാത്രക്കുൾപ്പെടെ 28500 രൂപക്ക് അർഹതയുണ്ടെന്നിരിക്കേ 13000 രൂപ മാത്രമാണ് അനുവദിച്ചിട്ടുള്ളത്.അർഹമായ തുക നൽകുന്നതിന് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.ബത്ത ലഭിച്ചിട്ടുള്ള രാഹുൽ കൃഷ്ണ.വി.ബി. (സെന്റ് ജോസഫ് യുപി സ്കൂൾ പങ്ങാരപ്പിള്ളി)എന്ന വിദ്യാർത്ഥിക്ക് 30% ശാരീരിക വൈകല്യം മാത്രമേയുള്ളൂ.സ.ഉ.(എംഎസ്)നമ്പർ 80/2017/തസ്വഭവ തീയതി 03.04.17 പ്രകാരം കുറഞ്ഞത് 40% വൈകല്യമെങ്കിലും ഉള്ളവർക്ക് മാത്രമേ ഇത്തരം ആനുകൂല്യം അനുവദിക്കാവൂ .അപാകത ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്

(ഓഡിറ്റ് എൻക്വയറി നം.25/4.5.19)

3-19 ഐ.സി.ഡി.എസ്. സൂപ്പർവൈസർനടപ്പിലാക്കിയ പദ്ധതികളിലെ അപാകതകൾ

ഐസിഡിഎസ് സൂപ്പർവൈസർനടപ്പിലാക്കിയ പദ്ധതികളിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1.പ്രൊജക്ട് നം. s 0175/18, വൃദ്ധർക്ക് കട്ടിൽ

അടങ്കൽ-₹1800000/-

ചെലവ്-₹435600/- (ട്രഷറി ബിൽ നം.12/17.03.18)

കട്ടിൽ വാങ്ങുന്നതുമായി ബന്ധപ്പെട്ട ഫയലിൽ ടെൻഡർ നോട്ടീസ് ഇല്ല. ടെൻഡർ ഉറപ്പിച്ചു നൽകിയ സംസം ഇൻഡസ്ട്രീസ് സമർപ്പിച്ച ടെൻഡറിൽ കട്ടിലിന്റെ സ്പെസിഫിക്കേഷൻ പൂർണ്ണമായി രേഖപ്പെടുത്തിയിട്ടില്ല.ആയതിനാൽ വിതരണം ചെയ്ത കട്ടിൽ സ.ഉ.(സാധാ)നം 2086/2017/തസ്വഭവ തീ.21.6.17 പ്രകാരമുള്ള സ്പെസിഫിക്കേഷനുകൾ പാലിച്ചിട്ടുണ്ടോ എന്ന് വ്യക്തമല്ല.

കട്ടിൽ വിതരണത്തിനോടനുബന്ധിച്ച കരാർ പൂർണ്ണമല്ല.കരാറിൽ സപ്ലൈ ചെയ്ത ഇനം,ആയതിന്റെ കാലാവധി,കരാറിൽ ഏർപ്പെട്ടവരുടെ പേരു വിവരം എന്നിവ രേഖപ്പെടുത്തിയിട്ടില്ല.സെക്യൂരിറ്റി ഡെപ്പോസിറ്റ് അടവാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ അനുബന്ധ രേഖകൾ പരിശോധനക്ക് നൽകേണ്ടതാണ്

അപേക്ഷയുടെ കൂടെ ഹാജരാക്കിയ രേഖകൾ പ്രകാരം 60 വയസ്സ് തികയാത്ത താഴെ പറയുന്നവർക്ക് കട്ടിൽ അനുവദിച്ചിട്ടുണ്ട്.

പേര്	വയസ്സ്	പരിശോധിച്ച രേഖ
ജാനകി ഏഴരത്തൊടി	55	ഡോക്ടറുടെ സർട്ടിഫിക്കറ്റ്
ഇന്ദിര ചാത്തപ്പൻ	54 53	ആധാർ കമ്മ്യൂണിറ്റി സർട്ടിഫിക്കറ്റ്
ശ്രീദേവി.ഇസി	55 64	കമ്മ്യൂണിറ്റി സർട്ടിഫിക്കറ്റ് ആധാർ
ജാനകി.ഇ.സി	54 56	കമ്മ്യൂണിറ്റി സർട്ടിഫിക്കറ്റ് ആധാർ

60 വയസ്സ് തികയാത്തവർക്ക് കട്ടിൽ അനുവദിച്ചതി വേണ്ടിയുള്ള ചെലവ് 3600*4=14400 രൂപ തടസ്സപ്പെടുത്തുന്നു

2. പ്രൊജക്ട് നം. s0 177/18, വയോജനങ്ങൾക്ക് കട്ടിൽ (ST)

അടങ്കൽ-₹18000/-

ചെലവ്-₹14400/- (ട്രഷറി ബിൽ നം.13/17.03.18)
പദ്ധതിയുടെ ഭാഗമായി 4 പേർക്ക് കട്ടിൽ വിതരണം ചെയ്തിട്ടുണ്ട് .ആയതിൽ രാജൻ s/o അയ്യപ്പൻ എന്നവർ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല.ഇവർക്കു വേണ്ടി ചെലവഴിച്ച 3600 രൂപ തടസ്സത്തിൽ വെക്കുന്നു

3.പ്രൊജക്ട് നം.s0426/18-അംഗൻവാടി ജീവനക്കാർക്ക് അധിക വേതനം നൽകൽ

പ്രൊജക്ട് അടങ്കൽ-₹1032000

ചെലവ്- ₹927102 /-ചെക്ക് നം. 7003758/28.3.18-467940 രൂപ (വർക്കർമാരുടെ അധിക വേതനം)

ചെക്ക് നം. 7003757/28.3.18-459162 രൂപ (ഹെൽപ്പർമാരുടെ അധിക വേതനം)

അംഗൻവാടി ഹെൽപ്പർമാരുടെ വേതനത്തിനായി 459162/- രൂപ പിൻവലിച്ചിരുന്നു.എന്നാൽ 417162 രൂപയുടെ വിതരണ സ്റ്റേറ്റ്മെന്റ് മാത്രമാണുള്ളത്.തുക പൂർണ്ണമായി വിതരണം ചെയ്തതായി ഐസിഡിഎസ് സൂപ്പർവൈസർ അറിയിച്ചിട്ടുണ്ട് .ബാക്കി തുക വിതരണം ചെയ്തിട്ടുണ്ടെങ്കിൽ ,ജീവനക്കാർ തുക കൈപറ്റിയതിന് മതിയായ രേഖകൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്. രേഖകൾ ഹാജരാക്കുന്നതു വരെ 42,000/- രൂപയുടെ ചെലവ് തടസ്സത്തിൽ വെക്കുന്നു.

4.പ്രൊജക്ട് നം.S0180/18-അംഗൻവാടികളുടെ അനുപൂരക പോഷകാഹാര വിതരണം
പ്രൊജക്ട് അടങ്കൽ-₹1500000/-
ചെലവ്- 1500000/-
ട്രഷറി ബിൽ നം .1/29.7.17-215250/-
ട്രഷറി ബിൽ നം .2/14.8.17-11255/-
ട്രഷറി ബിൽ നം .3/ 14.8.17-468981/-
ട്രഷറി ബിൽ നം .9/ 29.11.17-2435/-
ചെക്ക് നം. 2854815/05.12.17-47768 രൂപ
ചെക്ക് നം. 9767798/20.2.18-188260 രൂപ
ട്രഷറി ബിൽ നം .15/ 28.3.18-2079/-
ചെക്ക് നം. 7003751/28.03.18-263972 രൂപ
ചെക്ക് നം. 1957787/31.03.18-300000 രൂപ

4/17 മുതൽ 8/17 വരെ വാങ്ങിയ സാധനങ്ങൾ കൃത്യമായി സ്റ്റോക്കിലെടുത്തിട്ടില്ല. ഉദാഹരണത്തിന്285/7.4.17,290/6.5.17,292/14.6.17 എന്നീ ഇൻവോയ്സുകൾ പ്രകാരം വിതരണം ചെയ്ത 3074.625 കി.ഗ്രാം അമൃതം ന്യൂട്രിമിക്സിന്റെ വരവ്,വിതരണം എന്നിവ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. 2017-18 ലെ സ്റ്റോക്ക് രേഖപ്പെടുത്തലുകൾ കൃത്യമാക്കി അനുബന്ധ രേഖകളും ട്രഷറി ബില്ലുകളുമുൾപ്പെടെ പരിശോധനക്ക് ഹാജരാക്കേണ്ടതാണ്. രേഖകൾ കൃത്യമാക്കി ഹാജരാക്കുന്നതു വരെ 15 ലക്ഷം രൂപയുടെ ചെലവ് തടസ്സത്തിൽ വെക്കുന്നു. (ഓഡിറ്റ് എൻക്വയറി നമ്പർ 15/02.05.19-ന് ലഭിച്ച മറുപടി തൃപ്തികരമല്ല)

ഭാഗം-4

പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

വിഹിതം നൽകിയ സ്ഥാപനം	തുക ലഭിച്ച വർഷം	ലഭിച്ച തുക	പ്രൊജക്ടിന്റെ പേര്	ചെലവ്	ബാലൻസ്
ബ്ലോക്ക് പഞ്ചായത്ത്	2017-18	390000	പച്ചക്കറി കൃഷിക്ക് വിത്ത്,കൂലിചെലവ് എന്നിവയുടെ വിതരണം	0	390000
	2017-18	292263	ശാരീരിക മാനസിക വെല്ലുവിളിയുള്ളവർക്ക്	292263	0

			സ്കോളർഷിപ്പ്. നം.25/18		
	,,	50000	ക്ഷീരസംഘങ്ങളിൽ പാൽ അളക്കുന്ന കർഷകർക്ക് പാലിന് സബ്സിഡി.(നം 179/18)	50000	0
തെറ്റായി ക്രഡിറ്റ് ചെയ്തത്		150000	പാലിന് സബ്സിഡി (പഴയന്നൂർ ഗ്രാമപഞ്ചായത്തിന് നൽകേണ്ടിയിരുന്നത്)	0	150000
ജില്ലാ പഞ്ചായത്ത്	2017-18	403000	ക്ഷീര സംഘങ്ങൾ മുഖേന വിതരണം ചെയ്യുന്ന പാലിന് സബ്സിഡി	403000	0
,,	2017-18	300000	അംഗന വാടികളിലൂടെ അനുപൂരക പോഷകാഹാര വിതരണം	300000	0

4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

നിർവഹണ ഏജൻസി	പ്രവൃത്തിയുടെ പേര്	വൗച്ചർ നമ്പർ/ ചെക്ക് നം.	മുൻകൂർ നൽകിയ തുക	ചെലവഴിച്ച തുക	ചെലവഴിക്കാൻ ബാക്കിയുള്ള തുക
കെ.എസ്.ഇ.ബി	പോസ്റ്റ് ഷിഫ്റ്റിംഗ്	വൗച്ചർനം. 21701032/19.02.18 21701150/17.03.18	158500	-	158500
	Electrical connection to ADS job training centre	വൗച്ചർനം. 21700602/	6964	0	6964
		വൗച്ചർനം. 21700603/	3000	0	3000

	പഞ്ചായത്ത് ഓഫീസിനു ത്രീഫേസ് കണക്ഷൻ	വൗച്ചർനം. 21701233/	4380	0	4380
കേരളാ വാട്ടർ അതോറിറ്റി	പൈപ്പ് ലൈൻ എക്സ്റ്റൻഷൻ	ട്രഷറി ബിൽ നമ്പർ 102/17-18	5,40,000	-	5,40,000*

*ലഭ്യമാക്കിയ വിവരങ്ങൾ പ്രകാരം 705880/- രൂപ ചെലവഴിക്കാൻ ബാക്കിയുള്ളതായി കാണുന്നു. എന്നാൽ ആയത് B18 ഷെഡ്യൂളിലെ നീക്കിയിരിപ്പുമായി പൊരുത്തപ്പെടുന്നില്ല. വ്യത്യാസത്തിന് കാരണം വ്യക്തമാക്കേണ്ടതാണ്.

4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

4-4 വായ്പ/വായ്പ തിരിച്ചടവ്

വായ്പയുടെ പേര്	വായ്പ തുക	വർഷാരംഭത്തിൽ തിരിച്ചടക്കാൻ ബാക്കിയുണ്ടായിരുന്ന തുക	തൻവർഷം തിരിച്ചടച്ച തുക		വർഷാവസാനം തിരിച്ചടക്കാൻ ബാക്കിയുള്ള തുക
			മുതൽ	പലിശ	
EMS ഭവന പദ്ധതി	15249930	4707678	1419437	-	3288241

4-5 സ്ഥിര നിക്ഷേപം

ഇല്ല

4-6 ഓഡിറ്റ് റിക്കവറി

ഇല്ല

4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുന്ന ഖണ്ഡികകളുടെ വിവരം

റിപ്പോർട്ട് വർഷം	ഭാഗം/ ഖണ്ഡിക	സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡിക	വിഷയം	ഇപ്പോഴത്തെ അവസ്ഥ
2014-15	2-2	2016-17	വസ്തു നികുതി	-
2015-16	2-1	2016-17	തൊഴിൽ നികുതി	-

4-8 ചാർജ്ജ്/സർച്ചാർജ്ജ് നടപടികളുടെ വിവരം

ഇല്ല

4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

ഓഡിറ്റ് വർഷത്തെ ആകെ വരവ്	100393962
ഓഡിറ്റ് വർഷത്തെ ആകെ ചെലവ്	105266391
വരവിനങ്ങളിലുള്ള നഷ്ടം	750
ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക	ഇല്ല
ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക	9350154

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഖണ്ഡിക നമ്പർ	നഷ്ടമായ തുക		ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
	ചാർജ് ചെയ്യാവുന്നവ	സർചാർജ് ചെയ്യാവുന്നവ	
2-1(3)	500-	--	ശ്രീമതി.റെനി

			പോൾസെക്രട്ടറി.
2-1(4)	250	--	"
ആകെ	750	--	

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഖണ്ഡിക നമ്പർ	തുക	ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
3-4	475000	ശ്രീമതി.റെനി പോൾ ,സെക്രട്ടറി
3-5	330000	ശ്രീ.വിഷ്ണു.എസ്,കൃഷി ഓഫീസർ
3-7(a)	4305791	ശ്രീ. മധുസൂദനൻ, അസിസ്റ്റന്റ് എഞ്ചിനീയർ
3-7 (a)	239630	ശ്രീമതി. ബിന്ദു
3-7(a)	1218067	ശ്രീമതി. ഗ്രീഷ്മ
3-7(b)	265331	ശ്രീ. മധുസൂദനൻ, അസിസ്റ്റന്റ് എഞ്ചിനീയർ
3-9	383189	ശ്രീമതി.ഗ്രീഷ്മ ,അസി.എഞ്ചിനീയർ
3-8	540000	ശ്രീ. മധുസൂദനൻ.കെ.വി.,അസി.എഞ്ചിനീയർ
3-13	33146	ശ്രീ.ആൽഫ്രഡ് സോജൻ, അസി. സെക്രട്ടറി
3-19(1)	14400	ശ്രീമതി.ബിനി.പി.വർഗീസ്
3-19(2)	3600	ശ്രീമതി.ബിനി.പി.വർഗീസ്
3-19(3)	42000	ശ്രീമതി.ബിനി.പി.വർഗ്ഗീസ്, ഐ.സി.ഡി.എസ്. സൂപ്പർവൈസർ
3-19(4)	754311	ശ്രീമതി.റോസ് മോൾ
	745689	ശ്രീമതി.ബിനി.പി.വർഗീസ്
ആകെ	9350154	

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

ഓഡിറ്റ് വർഷം	ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം
96-97	എൽ.എഫ്.ടി.12-1923/97 dt 25.04.98

97-98	എൽ.എഫ്.ടി.10-1433/98/ 25.02.99
98-99	എൽ.എഫ്.ടി.12-868/2000/ 29.09.2000
99-2000 വരവ്	എൽ.എഫ്.ടി.12- 1243/2001/20.03.2002
99-2000 ചെലവ്	എൽ.എഫ്.ടി.12- 920/2001/ 24.11.2001
2000-2001ചെലവ്	എൽ.എഫ്.ടി.10 -1178/2003/04.08.2003
2001-2002 plan	എൽ.എഫ്.ടി.10-1753/ 2003/15.03.2004
2001-2002	എൽ.എഫ്.ടി.10- 678/2004/ 06.12.2004
2002-03	എൽ.എഫ്.ടി.10- 1702/2006/08.03.07 / 03.8.07
2003-04	എൽ.എഫ്.ടി.10- 1796/2008/29.05.2010
2004-05	എൽ.എഫ്.ടി.10- 1797/2008/29.05.2010
2005-06	എൽ.എഫ്.ടി.10- 840 /2009/18.09.2010
2006-07	എൽ.എഫ്.ടി.10-841/2009/ 18.09.2010
2007-08	എൽ.എഫ്.ടി.പി.4- 684/2011/ 11.10.11/ 03.02.12
2008-09 2009-10 2010-11	എൽ.എഫ്.ടി.പി.4-1481/ 12/ 21.01.2013/ 06.04.2013
2011-12	എൽ.എഫ്.ടി.പി.4- 1066/2013/ 03.12.13/ 06.04.2013
2012-13	എൽ.എഫ്.ടി.പി.4-1835/2014/ 12.03.2015/ 08.05.2015
2013-14	നം. കെ.എസ്.എ.ടി.എസ്.ആർ. (പി4)1152/15, 19.10.2015/31.10.2015
2014-15	കെ.എസ്.എ.ടി.എസ്.ആർ (പി4)1045/2016, 02.07.16
2015-16	കെ.എസ്.എ.ടി.എസ്.ആർ (പി4)2034/2016, 23.11.16
2016-17	കെ.എസ്.എ.ടി.എസ്.ആർ. (പി.4) 1418/2017 / 13.09.17

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ

അനുബന്ധം-1

ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ് 4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(6) 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ) 1413/ 2018/ത.സ്വ. ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും **ചേലക്കര ഗ്രാമപഞ്ചായത്തിന്റെ 2017-18** സാമ്പത്തികവർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ**ചേലക്കര ഗ്രാമപഞ്ചായത്തിന്റെ 2017-18** സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക വരവു ചെലവു കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്നു ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ

അനുബന്ധം-2

ഓഡിറ്റ് സംക്ഷിപ്തം

1	റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്	സംക്ഷിപ്തം (Audited Abstract)
2	ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്	
3	ബാലൻസ് ഷീറ്റ്	

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ